വിദ്യാഭിവൎദ്ധിനി.

"വിദ്യാധനം സൎവധനാൽ പ്രധാനം."

പു: 15. { 109 ഇടവം } ലക്കം 3.

ഭയം.

(കുററിപ്പുറമ്പിൽ ബാലകൃഷ്ണമേനോൻ, ബി. എ.)

ഭയമെന്നാൽ എന്തു്? അതു് മനസ്സിൻെറ ഒരു വെറും വ്യാമോഹമല്ലാതെ മററൊന്നുമല്ല. യഥാൎത്ഥത്തിൽ ഭയത്തിന്നടിസ്ഥാനമായി യാതൊന്നുമില്ലെന്നുപറയാം. എങ്കിലും ഏതെങ്കിലുമൊരു വിധത്തിൽ ഈ മനോവികാരത്തിന്നടിമപ്പെടാത്തവരില്ലതാനും.

മനുഷ്യജീവിതത്തെ ദുരുപയോഗപ്പെടുത്തുന്ന ഒന്നാണു് ഭയം. അതു് മനുഷ്യരെ നിൎജ്ജീവന്മാരാക്കുന്നു; ആരോഗ്യത്തെ നശിപ്പിക്കുന്നു; കായികവും മാനസികവുമായ ശക്തിയെ ലഘൂകരിക്കുന്നു. മനുഷ്യരുടെ ആശകളെ പാടെ ഇളക്കിമറിക്കുന്നതിന്നും, പൌരുഷത്തെ ഇല്ലായ്മചെയ്യുന്നതിനും, മാനസികചേഷ്ടിതങ്ങളെ ബലഹീനങ്ങളാക്കുന്നതിന്നും, ബുദ്ധിശക്തിയെ മന്ദിപ്പിക്കുന്നതിന്നും ഭയംകാരണമായിത്തീരുന്നു. ഭയമുള്ളവൎക്ക സ്വൈരമായി ചിന്തിക്കുന്നതിന്നോ ബുദ്ധിപൂൎവകമായി പ്രവൎത്തിക്കുന്നതിന്നോ ഒരിക്കലും സാധിക്കയില്ല. ചിലൎക്ക ഭയം ഒരു തീരാവ്യാധിപോലെയാണു് പിടിപെട്ടിരിക്കുന്നതു്. എന്തെങ്കിലും ഒരത്യാപത്തു് ആസന്നമായിരിക്കുന്നുവെന്നോ, പണവും പദവിയും എപ്പോഴാണു നഷ്ടമായിപ്പോകുന്നതെന്നോ, എന്തെങ്കിലും വ്യാധി വന്നുകൂടുമെന്നോ, ഇങ്ങിനെ ഏതെങ്കിലും തരത്തിൽ ഒരു ഭയം അവരെ സദാ പീഡിപ്പിച്ചുകൊ

ണ്ടിരിക്കും. ഈ ചിന്തയിൽനിന്നും അവൎക്കു മോചനം കിട്ടുവാനും പ്രയാസമാണു്.

ഭയമാകുന്ന പിശാചിൻെറ ആക്രമണം ചിലരുടെ ദേഹപോഷണത്തിന്നും വലിയ വിഘാതമായിത്തീരുന്നുണ്ടു്. ഓരോരോ പ്രവൃത്തികളിൽനിന്നും കുട്ടികളെ തടയുവാനായി മാതാപിതാക്കന്മാർ ഭയമാകുന്ന മരുന്നു് കുട്ടികളുടെ മനസ്സിൽ ഇഞ്ചെക്ക്റ്റ് ചെയ്യുകാരണം ഭാവിജീവിതത്തിൽ കുട്ടികൾക്കു് പലേ വൈകല്യങ്ങളും സംഭവിക്കുന്നുണ്ടെന്നുള്ളതു് വളരെ പരിതാപകരംതന്നെ. കുട്ടികളുടെ സ്നിഗ്ദ്ധമാനസശിലയിന്മേൽ ഭയമാകുന്ന പ്രതിമ അടയാളപ്പെടുത്തിവെക്കുന്നതു് കാലാന്തരത്തിൽ പ്രകാശമാനമായിത്തീരുകയാണെന്ന ബോധമില്ലാത്ത മാതാപിതാക്കന്മാരോടു എന്തുപറയട്ടെ. ശിശുക്കളുടെ രക്ഷാധികാരികൾ ഭയമാകുന്ന സമ്പത്തു് ഒരിക്കലും അവൎക്കു് സമ്പാദിച്ചുകൊടുക്കരുതു്. ഭയം വരുത്തിക്കൂട്ടുന്ന ആപത്തുകൾ എന്തെല്ലാമാണെന്നു് നമുക്കനുഭവമല്ലെ. അകാലജരാനരകൾ, പൌരുഷഹീനമായ മുഖം, വളഞ്ഞ നട്ടെല്ലു്, ഇടറിയ ഒച്ച, ഇവ ഭയത്തിൻെറ ചില ബാഹ്യലക്ഷണങ്ങളാണു്. ഒരു പാശ്ചാത്യവൈദ്യശാസ്ത്രജ്ഞൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ശിശുക്കളുടെ ദേഹപ്രകൃതിയറിഞ്ഞു് സൎവ്വത്ര ധൈൎയ്യവും ഉത്സാഹവും ഉന്മേഷവും അവരിൽ ജനിപ്പിക്കുന്നതായാൽ എൺപതുശതമാനം ശിശുക്കളുടെ ദുർബലതയും അകാലവൃദ്ധത്വവും ഇല്ലാതാക്കുവാൻ കഴിയുന്നതാണു്. കുട്ടികളെ സമാധാനപ്പെടുത്തുന്നതിന്നും അനുസരണമുള്ളവരാക്കുന്നതിന്നും സാധാരണ ഭയപ്പെടുത്തുകയാണു് അപരിഷ്കൃതമാനസകളും വിവേകരഹിതകളുമായ മാതാക്കൾ ചെയ്യുന്നതു്." ഡാക്ടർ ഹോൾകോമ്പ് (Dr. Holcomb) അഭിപ്രായപ്പെട്ടിരിക്കുന്നു:—"നമ്മുടെ ജീവിതമാകുന്ന വലയിൽ ഭയമാകുന്ന നൂലു് ഓടിക്കൊണ്ടിരിക്കുന്നു. ഭയാവഹമായ പരിതഃസ്ഥിതികളോടുകൂടിയാണു് നമ്മുടെ ജനനം. നമ്മുടെ മാതാക്കളും ഇതേരീതിയിൽതന്നേയാണു് ജനിച്ചുവളൎന്നതു്. നാം നമ്മുടെ മാതാപിതാക്കന്മാരേയും, ഗുരുജനങ്ങളേയും, സഹപാഠികളേയും, ശിക്ഷാരക്ഷാനിയമങ്ങളേയും, പിശാചുക്കളേയും ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. മാത്രമല്ല പരാജയം, ആശാഭംഗം, ദാരിദ്ര്യം, അന്ധവിശ്വാസം, ആപൽകൃത്യം, മരണം ഇവയെക്കുറിച്ചുള്ള വിചിന്തനം സദാ നമ്മെ പീഡിതരും ഭയാകുലന്മാരുമാക്കിത്തീൎക്കുന്നു. തൊട്ടിലിൽനിന്നു പുറപ്പെട്ടു് ചുടലയിലെത്തുന്നതുവരെ മനുഷ്യർ ഭയമാകുന്ന വേടനാൽ അനുഗമിക്കപ്പെട്ട വേട്ടമൃഗങ്ങളാണു്."

ഏറ്റവും വലിയ ഭയം മരണഭയമാണെന്നാണ് പരക്കെയുള്ള ബോദ്ധ്യം. പ്രായംചെല്ലുന്തോറും മരണഭയം വർദ്ധിച്ചുവരികയാണെന്ന് എവൎക്കും അറിയാം. വയസ്സാകുന്തോറും ജീവിതത്തിൽ സ്നേഹം അധികരിച്ചുവരുന്നതിനാൽ മരിക്കുവാനുള്ള മടി മനുഷ്യൎക്ക് കുറച്ചൊന്നുമല്ല. മാവിൻപലശയുടെ മാഹാത്മ്യമോൎത്തിരിക്കുന്ന മുത്തശ്ശി മാധവിഅമ്മയുടെ മനോരാജ്യം, "കാമാക്ഷിയുടെ കല്യാണം കഴിഞ്ഞിട്ട് ഈയുള്ളവരുടെ കണ്ണു മറഞ്ഞോട്ടെ ഈശ്വരാ!" എന്നായിരിക്കും. അതിവൎക്കു കാണുവാൻ സംഗതിവന്നാൽ പിന്നത്തെ മോഹം അപ്പുക്കുട്ടന്റെ പഠിപ്പുകഴിഞ്ഞ് ഒരുദ്യോഗം കിട്ടിക്കാണണമെന്നായിരിക്കും. ഇങ്ങനെ മരണം ആസന്നമാവുന്നതോടുകൂടി അവൎക്കു ഭയം വർദ്ധിക്കുന്നു. വാസ്തവത്തിൽ മരണം ഭയപ്പെടേണ്ട ആവശ്യമില്ല. നമ്മുടെ ഭാവി, വൎത്തമാനകാലത്തെ ആശ്രയിച്ചിരിക്കുമെന്നാണല്ലൊ വിദ്വജ്ജനമതം. അങ്ങിനെയിരിക്കെ, നാം ഇപ്പോൾ ഉൽകൃഷ്ടജീവിതം നയിക്കുകയും മരണാനന്തരം നമുക്ക് അതിന്റെ ഗുണവും മാഹാത്മ്യവും സിദ്ധിക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നതായാൽ മരണം ഭയാവഹമാകുവാൻ തരമില്ല. നമ്മുടെ കൎമ്മത്തിന്നെല്ലാം നമ്മൾതന്നെ അവകാശികളായിരിക്കെ ജീവിതധൎമ്മങ്ങളറിഞ്ഞനുഷ്ഠിക്കുന്നവർ ഭീരുക്കളാകുമോ? ഒരു മാന്യയുവാവിനെ തൂക്കുമരത്തിലേക്കു കൊണ്ടുപോകുന്ന അവസരത്തിൽ "ജീവിതം ഒരു നേരമ്പോക്കാണ്. ജീവനോടുകൂടി മനുഷ്യൎക്കു മരണത്തിൽനിന്നും മോചനം ലഭിക്കയില്ല" എന്ന് ധൈൎയ്യത്തോടും പ്രസന്നതയോടുംകൂടി പറയുകയുണ്ടായത്രെ.

പ്രകൃത്യാ സ്നിഗ്ദ്ധമാനസകളായ സ്ത്രീകളുടെ ഭയത്തിന്ന് കാഠിന്യം കൂടുന്നതുപോലെ ധൈൎയ്യത്തിന്നും കാഠിന്യമുണ്ടായിരിക്കും. "നല്ലാർദുഃഖാകുലയബലതാൻ ഭീരുവാരും തുണപ്പാനില്ലാതുള്ളോൾ" എന്നു പറയേണ്ട അപൽഘട്ടത്തിലെത്തുമ്പോൾ സാധാരണ ഭയത്തിന്ന് വശംവദരാകുന്ന സ്ത്രീജനങ്ങൾകൂടി അതിശയിക്കത്തക്ക ധൈൎയ്യശാലികളായിത്തീരുന്നു. തൽസമയങ്ങളിൽ അപസ്മാരമൂൎത്തിയേയും കീഴമൎത്തുന്നവിധത്തിലുള്ളതായിരിക്കും അവരുടെ ധൈൎയ്യവും ശക്തിയും. "ദിവാ കാകരുതാൽ ഭീതാ രാത്രൌ തരതിനൎമ്മദാ." ഇതിൽ അതിശയിപ്പാനെന്തുള്ളൂ? മുല്ലായുധൻ അകമ്പടിയായി ചെല്ലുന്ന സമയത്തു് ഭയത്തിന്ന് എന്തവകാശം? ഇതരമനോവികാരങ്ങൾ മനസ്സിൽ കളിയാടിക്കൊണ്ടിരിക്കുന്ന സമയത്തു് ഭയമെന്താണെന്നറിയുവാൻ സാധിക്കുന്നില്ല.

ഭയം വെറും ഒരു മിഥ്യാബോധമാണ്. എല്ലാ മാനസിക ഗുണങ്ങളുടെ ശക്തിക്കും വർദ്ധനവിന്നും ധീരത ഒന്നുമാത്രമാണ് അവശ്യമായിട്ടുള്ളതു്. ഭയാകുലനായ ഒരുവൻ മനുഷ്യനെന്ന പേരിനർഹനല്ല. ധൈര്യവും ഉത്സാഹവും വിശ്വാസവും നിങ്ങളുടെ മനസ്സിനെ പരിപൂതമാക്കിച്ചെയ്യട്ടെ. അഭ്യുദയം നിങ്ങൾക്കു കരസ്ഥമാകട്ടെ.

അതിശയഫലം ചെയ്യുന്ന അത്ഭുതചികിത്സ.

വിഫലമെന്നു തെളിയിക്കുന്നവക്ക് 500 രൂപാ സമ്മാനം.

Messrs. REDDY & CO:,
Gopalapuram P;O,
East Godavary Dist,

ഇരുപതാംനൂററാണ്ടിലെ അപൂർവ്വമായ കണ്ടുപിടിത്തം. മാറാവ്യാധികൾപോലും സുഖപ്പെടുന്നു. ഏതുതരത്തിലും സ്ഥിതിയിലും ഇരിക്കുന്ന പതിനെട്ടുവിധം കുഷ്ഠരോഗങ്ങളും പാണ്ഡു തുടങ്ങിയ മറെറല്ലാ ത്വഗ്രോഗങ്ങളും ഞങ്ങളുടെ അത്യത്ഭുതകരമായ ഔഷധംകൊണ്ടു നിശ്ശേഷം സുഖപ്പെടുന്നതാകുന്നു. ഇതിനകം 40,000 രോഗികളെ സുഖപ്പെടുത്തിക്കഴിഞ്ഞു.

ഉഷ്ണപ്പുണ്ണു തുടങ്ങി ഉഷ്ണസംബന്ധമായ എല്ലാ രോഗങ്ങളും, ഏതവസ്ഥയിലും സ്ഥിതിയിലുമായിരുന്നാലും അചിരേണ ഭേദപ്പെടുത്താവുന്നതാണ്.

ആർത്തവസംബന്ധമായും ഗർഭപാത്രസംബന്ധമായും ഉള്ള എല്ലാ രോഗങ്ങളേയും അല്പകാലത്തിനകം നിശ്ശേഷം സുഖപ്പെടുത്താം.

അധികവിവരങ്ങൾക്കു താഴെക്കാണുന്ന മേൽവിലാസത്തിൽ, ഇംഗ്ലീഷിൽ എഴുതുക.

Messrs. Reddy & Co., (Rega)
Gopalapuram Post,
(Via) Kottapata, East Godavary Dist.

ചവറുകൊട്ട.

(K. K. G. Pillai.)

ചവറുകൊട്ടയിലും സഹൃദയന്മാരുടെ കണ്ണുകൊണ്ടു നോക്കു മ്പോൾ ചില വിലയേറിയ സാധനങ്ങൾ കണ്ടുകിട്ടിയെന്നു വന്നേക്കാമെന്ന് എൻെറ മുമ്പിലിരിയ്ക്കുന്ന "ചവറുകൊട്ട" ദൃഷ്ടാന്തപ്പെടുത്തിത്തന്നു. ശ്രീമാൻ പുത്തേഴത്തു രാമമേനോൻ അവർകൾക്ക് ഈവക കാൎയ്യങ്ങളിൽ അസാമാന്യമായ പാടവം ഉണ്ടെന്ന് ആദികാലങ്ങളിൽ ആരും അത്ര വിചാരിച്ചിരിക്കയില്ല. മിസ്റ്റർ മേനവന് കുട്ടിക്കാലം മുതല്ക്കേ കാമിനിമാരെ വശത്താക്കുവാനുള്ള ഒരു സാമൎത്ഥ്യം ഉണ്ടെന്ന് ഞാൻ ധരിച്ചതു് വാസ്തവമായി. ഹരിഃശ്രീ തൊട്ട് മലയാളഭാഷായോഷയെ കുട്ടിക്കാലത്തിൽ വശത്താക്കിയ മിസ്റ്റർ മേനവൻ ആ വനിതാരത്നത്തെ രസിപ്പിച്ച് ആംഗലഭാഷായോഷയോട്ട് അനുരക്തനായി. രണ്ടു ഭാൎയ്യമാർ ഒരാൾക്കുണ്ടാകുന്നതു തന്നെ ദാരിദ്ര്യഹേതുകമാണെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളതിനെ ലാക്കാക്കിയിട്ടോ എന്തോ അദ്ദേഹം രണ്ടുകൂട്ടരേയും പരിലാളിച്ചുകൊണ്ട് സംസ്കൃതഭാഷാദേവിയേയും വശമാക്കി. ഇതുകൊണ്ടൊന്നും തൃപ്തിയടയാത്ത മിസ്റ്റർ മേനവൻ നാലാമതു് കാരണവന്മാരുടെ നിശ്ചയപ്രകാരം ഉള്ള യഥാൎത്ഥവേളിയും കഴിച്ചു. രണ്ടു ഭാൎയ്യയുള്ളവൎക്ക് ദാരിദ്ര്യമുണ്ടായാൽ നാലു ഭാൎയ്യയുള്ളവരുടെ കഥ പറവാനുണ്ടോ? ദശരഥമഹാരാജാവിനു പററിയ അബദ്ധംപോലെ പുത്രന്മാരിൽ ആരേയും മേനവന് കാട്ടിലയയ്ക്കേണ്ടതായി വന്നില്ല. ദാരദ്ര്യദുഃഖവും ലേശം അനുഭവിക്കാനിടയായിട്ടില്ല. ഇപ്പണി പണ്ഡിതന്മാരുടെ അഭിപ്രായത്തെ ഖണ്ഡിക്കുവാൻ അദ്ദേഹം വരുത്തിക്കൂട്ടിയ ജാലവിദ്യയാണെന്നു തോന്നുന്നു. എല്ലാ ഭാൎയ്യമാരിലും അദ്ദേഹത്തിന് ധാരാളം ഒന്നാന്തരം സന്താനങ്ങളും ഉണ്ടായിട്ടുണ്ട്. കവിതാകാമിനിയിൽ (ഭാഷായോഷയിൽ) അനേകം സന്താനങ്ങളുള്ള മേനവൻ ഹാസസാഹിത്യത്തിലും ടാഗ്രർ പ്രസ്ഥാനത്തിലും എന്നുവേണ്ട പലതിലും നൈപുണ്യം സമ്പാദിച്ചു. ആംഗലഭാഷായോഷയിൽ അദ്ദേഹത്തിന് പ്രതിപത്തി കുറഞ്ഞിട്ടോ അഥവാ ആ വനിതാരത്നം മലടിയാനിട്ടോ എന്തോ അതിൽ സന്താനം കുറവായിട്ടാണ് കാണുന്നതു്. ഏതായാലും ഹാസസാഹിത്യത്തിൻെറ ഒരു സന്താനമാണ് 'ചവറുകൊട്ട' എന്നാണു ഞാൻ പറയുന്നതു്.

പഴം സാധാരണ എവൎക്കും ഇഷ്ടമാണ്. മിസ്ററർ മേനവനും ഇഷ്ടമായിരിയ്ക്കും. എനിക്കും ഇഷ്ടമാണ്. എന്നാൽ 'പഴത്തൊലി' നാമാരും അധികമായി ഇഷ്ടപ്പെടാറില്ല. ഇഷ്ടപ്പെടുന്നുണ്ടെങ്കിൽത്തന്നെ കന്നുകാലികൾക്കു കൊടുക്കാനേ ഇഷ്ടപ്പെടാറുള്ളു. എന്നാൽ മിസ്ററർ മേനവൻ പഴത്തൊലിയിൽ ഇഷ്ടപ്പെടുന്നു! അതു് അദ്ദേഹം ഭക്ഷിക്കാനല്ല ഇഷ്ടപ്പെടുന്നതു്. അ തൊലിയിൽ ചില യഥാൎത്ഥതത്വങ്ങൾ ഉള്ളതു് അദ്ദേഹം കണ്ടു പിടിച്ചു. പഴവും തൊലിയും തമ്മിൽ വളരെ ബന്ധമുണ്ടെന്നും അയതു് ദേഹവും ദേഹിയും—ശരീരവും ആത്മാവും, മുണ്ടും ദേഹവും—പോലെയാണത്രെ. 'പഴത്തിൻെറ കഴമ്പു് അതിൻെറ ആത്മാവു'തന്നെയാണ്. അ ആത്മാവു് സംസ്കാരംകൊണ്ടു് 'പരിപക്വ'മായതുമാണ്. അദ്ദേഹം ഈ ഭാഗത്തെപ്പററി പരാമൎശിച്ചിരിക്കുന്നതു് യോഗിവൎയ്യന്മാരെക്കൂടി കൊഞ്ഞകുത്തിക്കുന്നരീതിയിലാണ്.

അദ്ദേഹത്തിൻെറ "ചിരട്ടക്കയി"ലിലും ധാരാളം നല്ല കഷണങ്ങൾ കാണുന്നുണ്ടു്. ചുണ്ടത്തുവെക്കുന്ന വെള്ളിക്കരണ്ടിക്കാരെ അദ്ദേഹം ഒന്നടച്ചതിൻെറ ശേഷം "കാളനിലും ഓലനിലും പാലിലും എന്നല്ല, കുമ്മായക്കലത്തി" ലും മററും ചിരട്ടക്കയിലിന് സ്ഥാനമുണ്ടെന്നു് വാശിയോടുകൂടി സമൎത്ഥിച്ചു. ചിരട്ടമൺ മൂസ്സിനെ അവിടെ വലിച്ചിഴച്ചുകൊണ്ടു വന്നതെന്തിനാണാവോ? ചിരട്ടയെ ഒരു സമ്പാദ്യക്കാരനോടുപമിച്ചിട്ടുണ്ടു്. "തന്നെ കൊന്നല്ലാതെ തൻെറ സമ്പാദ്യത്തിൽ കൈവയ്ക്കുവാൻ, ചിരട്ട പൊട്ടിച്ചല്ലാതെ കഴമ്പെടുക്കുവാൻ പററാത്തതുപോലെ, സമ്പാദ്യക്കാരൻ സമ്മതിക്കുന്നില്ല." പോരെ മി. മേനവൻെറ ഫലിതബുദ്ധി. ഇങ്ങനെ ചിരട്ടയെ എതെല്ലാം സ്ഥാനത്തിലാണ് വരുത്തിക്കൂട്ടീട്ടുള്ളതെന്നു വ്യക്തമാക്കുവാൻ വിഷമിക്കും. വായിച്ചു നോക്കുകതന്നെ വേണം.

മി. മേനോൻെറ "കുപ്പിച്ചില്ലു്" (കുപ്പയിൽ കിടക്കുന്ന) ഒന്നിനും കൊള്ളാത്തതല്ല. അദ്ദേഹം അതിനും മാഹാത്മ്യം കല്പിച്ചു കഴിഞ്ഞു. കുപ്പിപ്പാത്രങ്ങൾ ഉടഞ്ഞിട്ടുള്ള കഷണങ്ങളാണ് കുപ്പിച്ചില്ല്. മണ്ണുകൊണ്ടുണ്ടാക്കിയ ചിലതിനേയും കുപ്പിയാക്കി ചിലർ പറയാറുണ്ടു്. മുൻപു് ഉണ്ടായിരുന്ന മണ്ണുകൊണ്ടുള്ള കുപ്പിയെ മഷിക്കുപ്പി എന്നു് ഇന്നും അന്നും പറയും. എന്നാൽ മി. മേനോൻ സ്ഫടികപ്പാത്രങ്ങളെയാണ് സങ്കല്പിച്ചിരിക്കുന്നതു്. ഈ കുപ്പിച്ചില്ലു് കുപ്പയിലെ ചില്ലുപോലെ ഉപയോഗശൂന്യമായിട്ടിരിക്കുന്നതെയുള്ളൂ. ഈ ലേഖനത്തിന് ആരും വലിയ പ്രാമാണ്യം കൊടു

ക്കമെന്നു തോന്നുന്നില്ല. എങ്കിലും മി. മേനവൻെറ ഫലിതരസ പ്രയോഗങ്ങൾ ഇതിൽ എവിടെയും തുള്ളിക്കളിക്കുന്നതിലാണു് രസം.

മി. മേനവൻെറ കരിക്കട്ട വെറും കരിക്കട്ടയായിത്തള്ളുവാൻ നിവൃത്തിയില്ല. അദ്ദേഹം പറയുന്നു: "അഗ്നിഭഗവാൻ ആഹാരം കഴിഞ്ഞു് എണീക്കുമ്പോൾ എലയിൽ ബാക്കികിടക്കുന്നവയാകുന്നു കരിക്കട്ടകൾ." എന്തു ഫലിതം? എന്തു തന്മയത്വം? അതിനെ തുടൎന്നുള്ള ഭാഗങ്ങൾ വായിക്കേണ്ടതുതന്നെ.

കരിക്കട്ടയുടെ വൎണ്ണത്തെപ്പററി പല ഉദാഹരണങ്ങളും കൊടുത്തിട്ടുണ്ടു്. കരി (ആന) പാശ്ചാത്യരുടെ ഡിന്നർസൂട്ടുകൾ, വക്കീലന്മാരുടെ കോട്ടും ഗൌണും, കറുത്തമഷി, സൂൎയ്യഭഗവാൻ ഇഷ്ടപ്പെടുന്നാവസ്ഥ, ഭഗവാൻ ശ്രീകൃഷ്ണൻ, കറുത്ത കോഴിയുടെ ചോര, കറുത്ത പശുദ്ദാനം, ഇരിമ്പു് മുതലായ പലതിനേയും കൂട്ടിപ്പിടിച്ചു് ഫലിതരസത്തിലാണു് ഉദാഹരിച്ചിരിക്കുന്നതു്.

തീപ്പെട്ടിക്കോലിനേയും ചക്കമെടലിനേയും കുററിച്ചൂലിനേയും പുല്ലിനേയും പററി പറഞ്ഞിട്ടുള്ള പലഭാഗങ്ങളും വായിച്ചപ്പോൾ എനിക്കു് അനുകമ്പകൂടി തോന്നാതിരുന്നില്ല.

ഭൂമിയെത്തന്നെ തീപ്പെട്ടിയായി ഉദാഹരിച്ചുകൊണ്ടാണു് പുറപ്പെട്ടിട്ടുള്ളതു്. പോലീസൎണ്ണന്മാരെ തീപ്പെട്ടിക്കോലിനോടുപമിച്ച മേനോൻ തത്വപ്രകാശിനിയായിട്ടും പറഞ്ഞുതീൎത്തു.

ചക്കയെ ഗ്രന്ഥകൎത്താവു് ദ്രാവിഡനായും, സംസ്കൃതജ്ഞാതിജ്ഞനായും ഭണ്ഡാഗാരമായും മററും സങ്കല്പിച്ചിട്ടുണ്ടു്. ഇതിലും ചില അദ്വൈതപ്രയോഗങ്ങൾ ഗ്രന്ഥകൎത്താവു തട്ടിമൂളിച്ചിട്ടുണ്ടു്. ഗ്രന്ഥകൎത്താവു് കുററിച്ചൂലിനെ പിടികൂടിയതുകൊണ്ടു് ചില കളവാണിമാരുടെ മുഖകമലങ്ങൾ കൂമ്പുവാനിടയായേക്കാം. കുടിൽതൊട്ടു കൊട്ടാരംവരെ ഉപയോഗിച്ചുവരുന്ന കുററിച്ചൂലിനെ രന്തിദേവനോടു സാമ്യപ്പെടുത്തീട്ടുണ്ടു്. "ശുചീകരണ വകുപ്പിൻെറ അദ്ധ്യക്ഷൻ "ചൂലാങ്ക" നായിരിക്കുന്നതു് നന്നായിരിക്കു"മെന്നത്രെ അഭിപ്രായപ്പെടുന്നതു്. "അദ്വൈതി" യായ ചൂലിനു് "എന്തും ചെയ്യാം മഹതാം" എന്നും വരുത്തിക്കൂട്ടി.

എന്നാൽ "പുല്ലു്" എന്ന വാക്കു് എത്ര നിസ്സാരമായാലും ആ സാധനം ഇല്ലാതെ ജീവിപ്പാൻ വിഷമമെന്നുകൂടി ഗ്രന്ഥകൎത്താവു് സമൎത്ഥിച്ചിരിക്കുന്നു.

വല്ലഭനേ പുല്ലുമായുധമാകുവാനും യദുവംശത്തിനു് ശ്രേഷ്ഠത

കല്പിപ്പാനും സാഹിത്യത്തിൽ സ്ഥാനം കൊടുപ്പാനും മററും ഗ്രന്ഥകൎത്താവു ശ്രമിച്ചിട്ടുണ്ടു്. ഗ്രന്ഥകൎത്താവു് പഠിച്ചപണി പതിനെട്ടും നോക്കിയിട്ടു് പുല്ലു, പുല്ലുതന്നെ.

ഇങ്ങനെ വിവിധവിഷയങ്ങളെ—നിസ്സാരവിഷയങ്ങളെ—സാരമാക്കി അവയെല്ലാം പ്രാമാണ്യം കല്പിച്ചുകൊടുത്തതു് നന്നായിട്ടുണ്ടു്. ഇതുകൊണ്ടു് ബുദ്ധിമാന്മാരായ വായനക്കാൎക്കു് ചില തത്വങ്ങൾ ഗ്രഹിക്കുവാൻ സാധിക്കും. ലോകത്തിൽ ഒന്നും നിസ്സാരമായി തള്ളേണ്ടവയായിട്ടില്ലെന്നും എല്ലാം ദൈവികശക്തിയേയും അജ്ഞാതമായ മായാവിലാസത്തേയും അനുസരിച്ചുള്ളവയാണെന്നും സൎവ്വവും സൎവ്വശക്തനിൽത്തന്നെ ലയിച്ചിരിക്കുന്നു എന്നും മററും പല അദ്വൈതതത്വങ്ങളും ഇതിൽനിന്നു മനസ്സിലാക്കാൻ കഴിയും. ആധുനിക പരിഷ്കാരികളുടെ ഹൃദയത്തിൽ വെറും നേരമ്പോക്കായൊ പുച്ഛരസമായിട്ടൊ തോന്നുന്നെങ്കിൽ ആൎക്കാണു് അതു് മാററുവാൻ സാധിക്കുക? ആസ്തിക്യബുദ്ധിയുള്ളവൎക്കു് ഈ പുസ്തകം ഒരു ഫലിതരസപ്രധാനമായ തത്വപ്രകാശിനിയായിട്ടു തോന്നാം. നാസ്തികന്മാരുടെ കഥ പറയുവാനുമില്ലല്ലൊ.

ദേവീപുരാണം.

(ഭാഷാഗദ്യം)

പരാശക്തിമാഹാത്മ്യത്തെ വിവരിക്കുന്നതും വായിക്കുമ്പോൾ ആരേയും രോമാഞ്ചകഞ്ചുകിതരാക്കിത്തീൎക്കുന്നതും, പാപപ്രക്ഷാളനംചെയ്തു് അവരെ പരമശാന്തിപദത്തിലേക്കു നയിക്കുന്നതും ആയ അനേകം പാവനകഥകളും ഉപകഥകളും അടങ്ങിയിരിക്കുന്ന ഈ ഉത്തമപുരാണത്തെ ദേവീഭക്തന്മാരെല്ലാം വായിക്കേണ്ടതാകുന്നു.

ഒന്നാംതരം മേനിക്കടലാസു് കാലിക്കോബയന്റു് വില രൂപാ 1 അണ 12. രണ്ടാംതരം താണകടലാസു് വില രൂപാ 1 അണ 4.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

പ്രേമാലാപം.

(ററി. എഫ്. ഏ.)

(അന്നനട.)

അപകൃതിയിലീമനമുഴറുകെ-
ന്നകതളിരിലെൻ മദിരലോചന,
നിനവാന്നാലുമീവിപിനവാസമാ-
ണെനിക്കുസംപ്രതികുതുകദായകം. ൧

സുദതീ, താവക കനകവീണതൻ
മൃദുശ്രുതിയിൽ ഞാൻ ലയിച്ചുവെങ്കിലും,
മലയതരുവിതന്നിരമ്പലെക്കാളെ-
ന്നതിനുമന്മനം കവരാൻ ഹൃദ്യത. ൨

തവവിമോഹന വിലോലനത്തന-
മകതളിരിനെക്കുളുർപ്പിച്ചെങ്കിലും,
വിമലവല്ലരീപവന ലാസ്യത്തെ-
ജ്ജയിപ്പാനെന്തതിൽ മനോജ്ഞതമോമനേ. ൩

പ്രമദപ്രേമമാമമൃതം തൂവുമാ-
മൃദുസ്മിതമെന്നെ ഭ്രമിപ്പിച്ചെങ്കിലും,
ശരത്തിലെ നിലാവൊളിയിൽ പ്പുഞ്ചിരി-
ചൊരിയ്യൊരസ്സുമവിലാസമെങ്ങടയേ. ൪

പ്രണയോദ്വേഗ സന്മണി വിഭാഷണ,
പടുതയെൻകരൾ കവൎന്നുവെങ്കിലും,
അരുമപ്പിഞ്ചുപൈങ്കിളി പ്പുലമ്പലിൻ-
ചതുരതയിലാണിവന്നു കൗതുകം. ൫

മൃദുതരകരതളിർദ്വയങ്ങളാൽ
സദയമെന്നെനീ തടവിടുന്നതിൽ,
മമതനു മന്ദസമീരനെത്രമേൽ
സുഖിപ്പിച്ചീലെന്നെപ്പുണൎന്നീലോമലേ. ൬

രതിവിലാസ സൗകുമാൎയ്യതയിലീ-
യുവതപമന്നഭിലസിതയെങ്കിലും,

അദൃശ്യമാം പ്രേമസ്ഫുരണമെന്നന്തഃ-
കരണത്തെ ശുദ്ധീകരിപ്പതുണ്ടിപ്പോൾ. ൭

പ്രകൃതിദേവിതൻ സുഖിതപുത്രരായ്
പകലിരവിടംനയിക്കാമോമനേ,
ഹരിതപൂതശാദ്വലതലമെത്ര-
ശുചിശിലാസനാലലമലംകൃതം. ൮

പരിഭവിക്കയോ; വരികരാഗിയായ്;
വിപിനം മോഹനം; വരി—കിരി—ദൃതം.
മമനിനവെല്ലാം തവമനക്കാമ്പിൽ
പകൎത്തീടാത്തവനിവനോ സുന്ദരി! ൯

രണവീരൻ.

(ആർ. എം. ആനാപ്പുഴ.)

I.

രണവീരൻ—ഒരു പഞ്ചാബി കൎണ്ണൽടോഡിൻെറ ഓർഡർളിയാണു്; ജോലികൊണ്ടു് ഒരു ഭൃത്യനാണെങ്കിലും, യഥാൎത്ഥത്തിൽ കൎണ്ണലിൻെറ ആപൽഘട്ടത്തിലും, ബുദ്ധിമുട്ടിലും മററും അയാൾ ഒരു രക്ഷാമൂൎത്തിയെന്നു നിസ്സംശയം പറയാം.

വായുവേഗത്തിൽ മോട്ടോർകാർ ഓടിച്ചില്ലെങ്കിൽ സായിപ്പിനു രസമാവുകയില്ല. ആകാശവിമാനത്തിൽ യാത്രചെയ്യുന്നതുപോലെ, കാർ അതിവേഗത്തിലോടിച്ചു് ആനന്ദിക്കണം. സാധാരണ കാർ ഓടിക്കാറുള്ളതു് സായിപ്പുതന്നെയാണു്. രണവീരൻ അടുത്തു പിന്നിൽ നില്ക്കുകയേയുള്ളു. അയാൾ ഒന്നിച്ചുള്ളപ്പോൾ, ഏതപകടമാർഗ്ഗത്തിൽകൂടി എത്ര വേഗത്തിൽ കാറോടിയാലും, യാതൊരപകടവും സംഭവിക്കാറില്ല; അതു രണവീരൻെറ സാമൎത്ഥ്യത്താലോ, ഗുണത്താലോ മറേറാ ആണെന്നു പറയുവാനും പ്രയാസം.

ഒരുദിവസം രണവീരനൊന്നിച്ചില്ലാതെ സായിപ്പു് കാറോടിച്ചു. ബംഗ്ലാവുവിട്ടു് ആദ്യത്തെ തിരിവിൽ വച്ചുതന്നെ കാർ ഒരാളുടെമേൽ കയറി.

മദാമ്മയെക്കുറിച്ചു് ഭൃത്യജനങ്ങൾക്കാൎക്കും അത്ര തൃപ്തിയില്ല. അവർ ഭൃത്യരെ ചിലപ്പോൾ ദ്രോഹിക്കപോലും ചെയ്യാറുണ്ടത്രേ! "ഉപ്പുതീനി ഭൃത്യ"ന്മാൎക്കുണ്ടോ വല്ലതും തിരിച്ചറിയുവാൻ സാധി

ക്കുന്നു! മദാമ്മയുടെ ചുരുട്ടുവലി അങ്ങാടിപ്പരസ്യമായിത്തീർന്നിട്ടുള്ളതാണ്.

ഒരു "മെയിൽദിവസം" സിഗററും വലിച്ചുകൊണ്ടു ധൃതിയായി ഒരു കത്തെഴുതുന്ന സന്ദർഭത്തിൽ, എങ്ങനെയോ സിഗററിൽനിന്നും ഒരു തീപ്പൊരി താഴെയുള്ള പരവധാനിയിൽ വീണു പുകഞ്ഞുതുടങ്ങി. ഇതാദ്യം മദാമ്മയുടെ ദൃഷ്ടിയിൽ പെട്ടില്ല. പെട്ടെന്ന് അവരുടെ കാലിൻചുവട്ടിൽ ചൂടുതോന്നി; നോക്കിയപ്പോൾ ഉടുപ്പിനു തീപിടിച്ചതായി കണ്ടു. തക്ക സമയത്ത് മദാമ്മ ചാടി എഴുന്നേററ് എന്തുചെയ്യേണ്ടു എന്നറിയാതെ പരിഭ്രമിച്ചു നില്ക്കുന്ന മാത്രയിൽ—രണവീരൻ എങ്ങനേയോ ഓടിയെത്തി തീയ്യുതല്ലിക്കെടുത്താത്ത പക്ഷം, ദേഹമാസകലം വെന്തുപൊള്ളി സൌഭാഗ്യവതിയായ മദാമ്മയ്ക്ക് അപകടം പററുമായിരുന്നു. പിന്നെ കുറെ ദിവസങ്ങൾക്ക്, കണ്ണാടിയുടെ മുമ്പിൽനിന്നു വസ്ത്രധാരണം ചെയ്യുമ്പോഴൊക്കെ ഈ വിചാരത്താൽ എന്തെന്നില്ലാതെ നടുങ്ങി അവരുടെ ദേഹം "കിടുകിട" വിറയ്ക്കാറുണ്ടായിരുന്നു.

"ബാബ," കണ്ണലിൻെറ ഏകപുത്രനാണ്. ആ കുട്ടിയുടെ ജന്മർക്ഷദിവസം മററു കുട്ടികളൊന്നിച്ച് മൃഗശാലയിലേക്കു പോയി. ചില കുട്ടികൾ കുരങ്ങന്മാരെ കാണുവാൻ ആ സ്ഥലത്തേക്കു പോയി; മററുചിലർ ഉരഗങ്ങളേയും, അമേരിക്കൻ മുതലകളേയും കാണ്മാനോടി. ഏതാനും പേർ സിംഹം, പുലി, മുതലായ ഹിംസ്രമൃഗങ്ങളുടെ കൂടുകൾക്കരികിൽച്ചെന്ന്, ഇരുമ്പഴികളിൽക്കൂടി വടിയിട്ടു കുത്തി അവയെ ഗർജ്ജിപ്പിച്ച് വിനോദിച്ചു. ഓരോ കൂട്ടത്തിൻെറകൂടെ ഒരു സായ്പോ, മദാമ്മയോ, അഥവാ ഒരു ഭൃത്യനെങ്കിലുമോ ഉണ്ടായിരുന്നു. ചില കുട്ടികൾ അടുത്തുള്ള കായലിൽ വഞ്ചികളിക്കാനൊരുങ്ങി.

ബാബയത്രെ അമരക്കാരൻ. അമരം പിടിച്ച് കുട്ടികളെ തടാകമദ്ധ്യത്തിലേക്കു കൊണ്ടുപോകണമെന്നു രണവീരനു മോഹമുണ്ടായിരുന്നു. എന്നാൽ ബാബ അതിനു സമ്മതിച്ചില്ല; ബാബ മാതാപിതാക്കന്മാരുടെ ഏകപുത്രൻ; എന്നല്ല വലിയ വാശിക്കാരനും; രണവീരനോ വെറും ഒരു ശിപായി! അതിനാൽ അയാൾ മറുത്തൊന്നും പറയാതെ കരയിൽത്തന്നെ നിന്നതേയുള്ളു.

ഹാ! അയാൾ വിചാരിച്ചവിധംതന്നെ കരയിൽനിന്നു അധികം അകലുന്നതിന്നു മുമ്പ് വഞ്ചി മറിഞ്ഞു. തൽക്ഷണം രണവീരൻ ചാടി അവരെ പിടിച്ചു കരയ്ക്കു കയററീല്ലെന്നു വരികിൽ ആ അഹ്ളാദദിനം വ്യസനദിവസമായി മാറുമായിരുന്നു. ഒരു

ശിപായി മാത്രമാണെങ്കിലും, തന്റെയജമാനനെ കരയിലും വെള്ളത്തിലും ഒരുപോലെ സകല ആപത്തുകളിൽ നിന്നും രണവീരൻ രക്ഷിച്ചിരുന്നുവെന്നു ചുരുക്കിപ്പറയാം. തന്മൂലമോ എന്തോ കൎണ്ണൽ സ്നേഹാതിരേകത്തോടെ രണവീരനെ "സഞ്ജീവകൻ" എന്നാണ് സാധാരണ വിളിച്ചിരുന്നതും.

II.

മൂന്നുകൊല്ലത്തെ ഫർലോ അവധി എടുത്തു കൎണ്ണൽ നാട്ടിലേക്കു മടങ്ങിയതിന്നുശേഷം രണവീരൻ ആരേയും സേവിക്കാൻ പോയില്ല. ദയാശീലനായ കൎണ്ണൽ അയാൾക്കു ആവശ്യത്തിനു വേണ്ട സമ്പാദ്യം ഉണ്ടാക്കിക്കൊടുത്തിരുന്നു. അയാൾ ചെറുപ്പത്തിൽതന്നെ വിവാഹം ചെയ്തിരുന്നു. ഉപായത്തിൽ കൃഷിപ്പണി തുടങ്ങി, ഒരു വീട്ടിൽ ഭാൎയ്യയോടും കുട്ടിയോടുംകൂടി സുഖമായി വസിച്ചു.

രണവീരൻ ഒരു ബ്രാഹ്മണനാണ്. വലിയ പണ്ഡിതനല്ലെങ്കിലും, എഴുതുവാനും വായിക്കുവാനും നല്ല ശീലമുണ്ടു്. അയാളുടെ മനഃസ്ഥൈൎയ്യം അതിശയിക്കത്തക്കതത്രെ! പരോപകാരത്താലും മററും അല്പകാലം കൊണ്ടു അയാൾ നാട്ടിലൊരു പ്രമാണിയായിത്തീൎന്നു. നാട്ടിലെ ഒരുവിധ കുഴപ്പങ്ങളൊക്കെ അയാൾവഴി തീൎന്നുവന്നു.

അയാളുടെ ദേശം "ബാംനിയ"യാണ്; "ബ്രഹ്മസ്ഥാനം" അഥവാ ബ്രാഹ്മണരുടെ നിവാസസ്ഥലം ആയതിനാലാണത്രേ ആ സ്ഥലത്തിന്നങ്ങനെ പേർ പറയുന്നതു്. ഇങ്ങനെ നാട്ടുപ്രമാണിയായി ഭാൎയ്യയും കുട്ടിയും ഒന്നിച്ചു സുഖമായി രണവീരൻ 1914 ആഗസ്ററുമാസം—യൂറോപ്പുഖണ്ഡത്തിൽ യുദ്ധകാഹളം മുഴങ്ങിയതു—വരെ വസിച്ചു.

ശരൽക്കാലം; ആശ്വിനമാസം; പ്രകൃതി അതിരമണീയം; വയലുകളിൽ ധാന്യങ്ങൾ വിളഞ്ഞുകിടക്കുന്നതു കാണ്മാൻ കൌതുകാവഹം; കൃഷി പതിവിലധികം ഗുണകരമായതിനാൽ കൃഷീവലന്മാരുടെ സന്തോഷത്തിന് അതിരില്ലാതായി. കൊയ്ത്തുകാലവും ആസന്നമായിത്തുടങ്ങി.

സൂൎയ്യൻ അസ്തമിച്ച ഉടനേതന്നെ ചൊവ്വാനക്ഷത്രം പശ്ചിമഭാഗത്തു് മങ്ങി പ്രകാശിച്ചുതുടങ്ങി. നവമിച്ചന്ദ്രൻ ഉദിച്ചുവന്നു. ആകപ്പാടെ ഒരു മനോരമ്യത സംജാതമായി. ഈ സമയത്താണ് രണവീരൻ പാടത്തുനിന്നു വീട്ടിലേക്കു മടങ്ങിയതു്. അയാൾ

ഭക്തിപുരസ്സരം ജഗദീശ്വരനെ മനസാ സ്തുതിച്ചുകൊണ്ടു വീട്ടിലെത്തി. പതിവില്ലാത്തവിധം അയാൾക്ക് ഒരാനന്ദമുളവായി.

ഗൃഹാങ്കണം മെഴുകി വൃത്തിയാക്കിയിരുന്നു. അതിൻെറ ഒരററത്തു് തുളസിത്തറയും അതിൽ ഒരു ശിവവിഗ്രഹവും ഉണ്ടു്. ഗൃഹനായികയായ പാർവ്വതി പതിവുപോലെ സന്ധ്യാസമയത്തു വിളക്കുവച്ചു് ഭക്തിയോടുകൂടി ഈശ്വരവന്ദനം ചെയ്തു് വരാഗമനം പ്രതീക്ഷിച്ചുനിന്നു.

രണവീരൻ വീട്ടിലെത്തിയ ഉടനെ ദേഹശുദ്ധിവരുത്തി, "മഹാദേവശംഭോ! പുരരിപോ! ഭഗവാനേ!" എന്നുംമററും ഭഗവൽസ്തുതി തുടങ്ങി. സീത, സതി, രുഗ്മിണി, ഭവാനി തുടങ്ങിയ അയൽവാസികളായ ചില സ്ത്രീകളും, കുട്ടികളും അവിടെ വന്നു. ഇവരിൽ ചിലർ രണവീരനെ ആശ്രയിച്ചു കഴിയുന്നവരുമാണു്. എല്ലാവരുംകൂടി ഈശ്വരഭജനത്തിന്നാരംഭിച്ചു. ഭഗവൽസ്തോത്രഗീതങ്ങളാൽ അവിടം മാറെറാലിക്കൊണ്ടു. പാർവ്വതി ഒരുനല്ല ഗൃഹനായികയും പതിവ്രതയുമാണു്. പൂജയുടെ അവസാനത്തിൽ അവൾ ഭർത്തൃപാദങ്ങൾ കഴുകിച്ചു്, കാലുകളിൽ മെതിയടി ഇട്ടുവിച്ചു. അതിനുശേഷം ചായ കൊണ്ടുവരുവാൻ അടുക്കളയിലേക്കു പോയി. ഭക്ഷണം കഴിക്കാതെ ഒരുദിവസം മുഴുവനും കഴിച്ചുകൂട്ടുവാൻ രണവീരനു സാധിക്കും; എന്നാൽ കാലത്തും വൈകുന്നേരവും ചായകുടിക്കാതെ അയാൾക്കു് സാധിക്കുകയില്ല.

നിലവിളക്കിന്നു മുമ്പിൽ ഒരു പായിൽ ഇരുന്നു്, "ഹിന്ദുസ്ഥാൻ" എന്ന പത്രം എടുത്തു വായിച്ചുതുടങ്ങി. അധികതാമസംകൂടാതെ ചായയും എത്തി. ചായകുടിച്ചു് വീണ്ടും പത്രപാരായണം തുടങ്ങി.

പാർവ്വതി ഭർത്താവിന്നു് ഹുക്ക വലിക്കാനായി ചിലുമ്പിയിൽ പുകയില, കഞ്ചാവു് മുതലായതരിഞ്ഞു് ശരിപ്പെടുത്തി തീ പിടിപ്പിച്ചു കൊടുത്തു. വായന നിറുത്താതെതന്നെ അയാൾ കഞ്ചാവു വലിച്ചു.

ഉച്ചയ്ക്കു മുഴുവൻ കളിച്ചുനടന്നതിനാൽ അയാളുടെ മകനായ കൃഷ്ണദാസൻ എന്ന കുട്ടി ക്ഷീണത്താൽ ഇറയത്തുതന്നെ കിടന്നുറങ്ങിപ്പോയി. കഞ്ചാവു വലിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദത്താൽ അവൻ ഉണർന്നു; അച്ഛൻെറ അടുക്കൽവന്നു്, "ബാപ്പുജി, പിതാജി!" എന്നും മററും കൊഞ്ചിത്തുടങ്ങി. എന്നാൽ അച്ഛനാകട്ടെ, വായനയിലും വലിയിലും ഉള്ള ആസക്തികൊണ്ടു മകൻെറ വിളി കേട്ടില്ല.

കണ്ണൽ ടോഡ്, "21-ാം പഞ്ചാബി സൈന്യ"ത്തിന്റെ നേതാവായി ഫ്രാൻസിലേക്ക് യുദ്ധം ചെയ്വാൻ പോകുന്നുവെന്നും, അതിന്നായി കുറെ പഞ്ചാബി ഭടന്മാരെക്കൂടി അയയ്ക്കുന്നുണ്ടെന്നും അയതിന്റെ അവസാനദിവസം ഇന്നാണെന്നും മററും രണവീരൻ പത്രംവഴി മനസ്സിലാക്കി. അയാൾ വിചാരമഗ്നനായി; താൻ ഒന്നിച്ചില്ലാഞ്ഞാൽ സായിപ്പിന്നു് ആരാണു് രക്ഷ എന്നാണു് അയാളുടെ പ്രധാന പ്രശ്നം. കണ്ണലിന്റെ "സഞ്ജീവകൻ" അയാളാണല്ലോ!

"കണ്ണലിനെ രക്ഷിക്കാഞ്ഞാൽ നഷ്ടം ഇംഗ്ലാണ്ടിനാണു്;" സാമ്രാജ്യത്തിന്റെ ജയാപജയങ്ങൾ ആശ്രയിച്ചു നില്ക്കുന്നതു് ഈ കണ്ണൽ സായിപ്പിനെ മാത്രമാണെന്നു്, അയാളല്ലാതെ മററാരെങ്കിലും വിചാരിക്കുമോ!

രണവീരന്റെ മനസ്സു ചാഞ്ചാടിത്തുടങ്ങി. "ഞാനെന്താ വേണ്ടതു്! പോണോ, വേണ്ടയോ, എന്താണു് എന്റെ മുറ" എന്നാക്കെ ആത്മഗതം ചെയ്തു.

പിന്നേയും, പിന്നേയും കുട്ടി- "പിതാജി, ബാപ്പുജി!" എന്നു വിളിച്ചിട്ടും അച്ഛൻ കേൾക്കുന്നില്ലെന്നു കണ്ടു്, ഉറക്കെ കരഞ്ഞു തുടങ്ങി. അപ്പോൾ രണവീരൻ പത്രം താഴെവച്ചു് കുട്ടിയെ എടുത്തു് മാറോടണച്ചു പലവുരു ചുംബിച്ചു. അയാളുടെ കണ്ണുകളിൽനിന്നു് ഒന്നുരണ്ടു് നീൎത്തുള്ളികൾ മകന്റെ കവിളിണകളിൽ പതിച്ചു.

"യുദ്ധവൎത്തമാനം എന്താണു്, പതിജീ!" എന്നു പാൎവ്വതി സവിനയം ചോദിച്ചു.

"ഒന്നുമില്ല, ഒന്നുമില്ല."

III.

"ഇവിടെ രണവിരനുണ്ടോ?" എന്നു പിറേറദിവസം ഉച്ചയ്ക്കു് രണവിരന്റെ വംശജനായ മഹാവീരൻ വിളിച്ചു ചോദിച്ചു. ഈ പൊരിഞ്ഞ വെയിലത്തു മഹാവീരൻ വരണമെങ്കിൽ എന്തെങ്കിലും തക്കതായ കാരണം ഉണ്ടായിരിക്കണം. എന്തെന്നാൽ അയാളെപ്പോലെ കുഴിമടിയനായ ഒരാൾ ആ ദേശത്തില്ലെന്നു സൎവ്വബോദ്ധ്യമാണു്. അയാളുടെ ഭാൎയ്യ പ്രസവവേദനാരംഭത്തോടുകൂടി മൂൎച്ഛിച്ചു വീണതിനാൽ മന്ത്രകൎമ്മങ്ങളാൽ ഭേദപ്പെട്ടേക്കുമെന്നുള്ള അഭിപ്രായമനുസരിച്ചു്, രണവീരനു അതു് സാധിക്കുമെങ്കിൽ മററൊരു മാന്ത്രികനെ തല്ക്കാലം അന്വേഷിക്കാതെ കഴിയുമല്ലോ എന്നു ഉദ്ദേശിച്ചാണു് മഹാവീരൻ പുറപ്പെട്ടതു്.

ഈ സമയത്തു് മുററത്തു തണലിലിരുന്നു്, പാൎവ്വതി വൈക്കോൽ അരിയുകയായിരുന്നു. കന്നുകാലികൾക്കു് കൃത്യസമയത്തു തീററികൊടുക്കണമെന്നുള്ള വിചാരത്താൽ വളരെ ജാഗ്രതയായി ജോലിചെയ്തിരുന്നു. മഹാവീരനെക്കണ്ടു് അവൾ എഴുന്നേററു്, "ഇവിടെ ഇല്ല; വിശേഷം എന്താ" എന്നു ചോദിച്ചു.

മഹാവീരൻ കാൎയ്യം അവളോടു പറഞ്ഞു് നിരാശനായി മറെറാരാളെ അന്വേഷിച്ചു പോയി; എന്നാൽ രണവീരൻ വരുമ്പോൾ മറക്കാതെ പറഞ്ഞയയ്ക്കണമെന്നു പാൎവ്വതിയെ ശട്ടംകെട്ടി. അഥവാ കൎമ്മം ചെയ്വാൻ അയാൾക്കു സാധിക്കാതെ വന്നാലും അയാളുടെ സാന്നിധ്യം നന്നെന്നു് മഹാവീരൻ വിചാരിച്ചു.

വൎത്തമാനം കേട്ടു് പാൎവ്വതി വ്യസനപരവശയായി. ജോലിയെല്ലാം വേഗം തീൎത്തു് മഹാവീരന്റെ ഗൃഹത്തിലേക്കു പോകണമെന്നു തീൎച്ചയാക്കി. അവളൊഴികെ ഗൃഹത്തിലുള്ളവരെല്ലാം തന്റെ ദസാദരഗൃഹത്തിൽ "ശിവനാരായണം" കഥ കേൾപ്പാൻ പോയിരിക്കയാണു്. അവളുടെ സഹോദരൻവന്നു കൂട്ടിക്കൊണ്ടുപോയതാണു്. കൃഷ്ണദാസനെ അന്നുതന്നെ കൊണ്ടുവരേണമെന്നു പ്രത്യേകം ശട്ടംകെട്ടിയിട്ടുണ്ടു്. അവനെ കൂടാതെ ഒരു രാത്രിപോലും കഴിപ്പാൻ അവൾക്കു് അസാദ്ധ്യവുമാണു്.

അസ്തമിക്കാൻ ഒരുപാടു നേരമുണ്ടെന്നു് അവൾക്കു തോന്നി. കൃഷ്ണദാസനില്ലാത്തതിനാൽ അന്നു് അവൾക്കു് അശ്വിനമാസം അസുരമാസംപോലെ അനുഭവപ്പെട്ടു. ജോലി എടുക്കാൻ മനസ്സുവന്നില്ല. കൃഷ്ണദാസൻ വീട്ടിലുള്ളപ്പോൾ അവനവിടെയൊക്കെ ഓടിച്ചാടി നടന്നു് ഒച്ചയുണ്ടാക്കും. എല്ലാ ജോലികളിലും അമ്മയ്ക്കു പ്രതിബന്ധമുണ്ടാക്കും; എന്നാൽകൂടി ജോലിയെല്ലാം വളരെ വേഗം തീരും. ഇന്നു് അവൾ പതിവുപോലെ പകലെ കിടക്ക വിരിച്ചശേഷം, അടുക്കളയിൽ ചെന്നു് ഭക്ഷണം തയ്യാറാക്കി. ഭൎത്താവു വന്നശേഷം, ഊണുകഴിഞ്ഞു് ഒന്നിച്ചു് മഹാവീരന്റെ വീട്ടിലേക്കു പോകാമെന്നു തീരുമാനിച്ചു.

അപ്പോൾ, രണവീരന്റെ സ്നേഹിതനും, അയൽവാസിയും ആയ നിഹലസിംഹൻ വന്നു്, പിറേറദിവസം തന്റെ സഹോദരന്റെ വിവാഹമാണെന്നും, അതിനു രണവീരനും കുടുംബവും യാതൊരു ഒഴികഴിവും പറയാതെ കാലേകൂട്ടി എത്തേണമെന്നും ക്ഷണിച്ചു മടങ്ങി.

സന്ധ്യയ്ക്കു് കന്നുകാലികൾക്കു് വെള്ളവും തീററിയും കൊടുത്തു. വിളക്കു കൊളുത്തി ഭൎത്താവിന്റെ ആഗമനവും പ്രതീക്ഷിച്ചു്

എറയത്തുതന്നെ നിന്നു. ആകാശത്തിൽ നോക്കിയപ്പോൾ ചന്ദ്രൻ പൂൎണ്ണപ്രഭയോടുകൂടി പ്രകാശിച്ചിട്ടുള്ളതുകണ്ടു് നേരം വൈകിത്തുടങ്ങി. രണവീരൻ ഇതേവരെ എത്തീട്ടില്ല. ഈശ്വരഭജനത്തിനുള്ള സമയം തെററിത്തുടങ്ങി.

പാൎവ്വതി അസ്വസ്ഥചിത്തയായി; തൻെറ ഓമനമകൻ സമീപമില്ലാത്ത വ്യസനം; മഹാവീരൻെറ ഭാൎയ്യയുടെ സുഖക്കേടു സംബന്ധിച്ചുള്ള ആധി; പ്രിയഭൎത്താവിനെ കാണായ്കയാലുള്ള വ്യസനം; അതേസമയത്തു് ഒരു ഗൌളി ഉത്തരത്തിലിരുന്നു വല്ലാതെ ചിലച്ചു. ഒരു വാവൽ അവളുടെ തലയ്ക്കുമീതെ ചിറകടിച്ചു് പറന്നുപോയി. ഇതിൻെറയെല്ലാം നിമിത്തമെന്തു്? ശുഭമോ അശുഭമോ!

ഇതൊക്കെ ആലോചിക്കുവാൻ ഇന്നവൾക്കു് സമയമില്ല. നേരം അതിക്രമിച്ചു. വ്യസനപരവശയായി ഈശ്വരനെ പ്രാൎത്ഥിച്ചുംകൊണ്ടു് പ്രിയതമൻെറ വരവുംകാത്തുനിന്നു. പടിക്കൽ പദവിന്യാസംകേട്ടു് അവൾ സന്തോഷിച്ചു. വാതിൽ സാക്ഷ ഇട്ടിട്ടില്ലാത്തതിനാൽ ആഗതൻ പടിതുറന്നു് അകത്തു പ്രവേശിച്ചു. അവളുടെ ആശ നിഷ്ഫലമായി. ആഗതൻ രണവീരനല്ല. രണവീരൻെറ ജ്യേഷ്ഠപുത്രനായ രഞ്ജിതനാണു്. പാൎവ്വതി ദീൎഘമായി നിശ്വസിച്ചു്, "എന്താ വൎത്തമാനം?" എന്നു ചോദിച്ചു.

"കാലാൾപ്പട പോയി."

"മോനെ, പോട്ടെ; സൎക്കാർജി വിജയിക്കട്ടെ!"

"ഇളയച്ഛൻ കൂടെ പോയിട്ടുണ്ടു്."

"എവിടേക്കു്!"

"കാലാൾപ്പടയോടൊന്നിച്ചു്"

"കാലാൾപ്പടയോടൊന്നിച്ചോ; എന്തിനു്!"

"യുദ്ധം ചെയ്വാൻ"

"യുദ്ധം ചെയ്വാനോ! എൻെറ ഏകപുത്രനെ നിരാശ്രയനാക്കീട്ടോ? ഹാ! ദൈവമേ!"

സാധു പാൎവ്വതി മൂൎച്ഛിച്ചു നിലംപതിച്ചു.

IV.

വിചാരിക്കാത്തവിധമുള്ള സ്വാഗതം ഇന്ത്യൻസൈന്യത്തിനു് ഫ്രാൻസിൽ സിദ്ധിച്ചു. അക്കാലത്തെ പത്രങ്ങളിൽനിന്നു് വിശദമായ വിവരങ്ങൾ—അതെ, അവരെ ഫ്രാൻസിലെ സ്ത്രീപുരുഷന്മാർ സസന്തോഷം എതിരേററുവെന്നും മററും—അറിഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ നമ്മുടെ രണവീരനും അപ്രകാരമുള്ള സ്വീകരണം സിദ്ധിച്ചിട്ടുണ്ടെന്നു പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല.

"പോൎക്കളം എവിടെ? ആരോടാണ് പോരാടേണ്ടതു്? എവിടെ നിന്നാണ് ഉണ്ടകൾ വരിക? ആരെയൊക്കെയാണ് വലിയതോക്കിനിരയാക്കുക? ആരാണ് കാഹളമൂതുക? പോർവിളിയും സംജ്ഞകളും ആജ്ഞാപിക്കുന്നതാരാണ്? ആരാണ് നമ്മുടെ നായകൻ?" ഏതാദൃശങ്ങളായ പ്രശ്നങ്ങൾ ഓരോരുത്തരും മന്ത്രിക്കായുണ്ടായി.

കൺസൽടോഡിൻെറ സൈന്യത്തിൽപ്പെട്ട ഒരു സിപ്പായിയാണ് രണവീരൻ; എന്നാൽ അപൂൎവ്വമായിട്ടേ അവർ തമ്മിൽ മുഖത്തോടുമുഖം കണ്ടിരുന്നുള്ളു. എന്തു ഭയങ്കരയുദ്ധം!

പുതിയ രീതിയിൽ യുദ്ധം ചെയ്യാൻ അവൎക്ക് അധികസമയം പഠിക്കേണ്ടിവന്നില്ല. യുദ്ധാരംഭം മുതൽക്കേ അവർ പേരെടുത്തുതുടങ്ങി. ഒക്ടോബർ ആദ്യം—വൎഷാരംഭകാലത്തു്—ആണു് ഇന്ത്യൻസൈന്യം യൂറോപ്പിൽ കാലെടുത്തുവച്ചതു്. ആ മാസാവസാനത്തിൽ—ഒക്ടോബർ മുപ്പത്തിഒന്നാം തീയതിയിലെ യുദ്ധത്തിൽ വച്ചാണ് "ആർട്ടില്ലറിസിപ്പായി"യായിരുന്ന "ഖുദ്ദദൻ" എന്ന യോദ്ധാവു് "വിക്റേറാറിയക്രോസ്സ്" എന്ന വീരമുദ്ര സമ്പാദിച്ചതു്. തൻെറ കമ്പനിയിലെ സകലപേരും മരിച്ചിട്ടും, മുറിവേററു വീണിട്ടും, സഹായിക്കാൻ ആരുമില്ലാതെ ഏകനായിട്ടുപോലും, മരണമദ്ധ്യേ ഒരു "രണ്ടാം കാസബിയൻകാ"യെപ്പോലെ നിശ്ചിതസ്ഥലത്തുനിന്നണുപോലും ചലിക്കാതെ സാകൃത്യം അതിധീരതയോടുകൂടി ആയാൾ നിറവേററി.

പലേ മരണങ്ങളാലും, വിവിധനാശങ്ങളാലും മററും 1914-ാം വൎഷം വേഗം കഴിഞ്ഞു. 1915-മാൎച്ചുമാസംവരെയായി. ജൎമ്മൻകാരുടെ സ്ഥിതിയെന്തു്? തുടക്കത്തിൽതന്നെ സൎവ്വവും നശിപ്പിച്ച് ബെൽജിയം അവർ കൈവശപ്പെടുത്തി; എന്നാൽ തങ്ങളുടെ ആഗ്രഹപ്രകാരം പാരീസ്സിനോട്ട് എതിരിടുവാൻ സാധിക്കാതെ, പാരീസ്സിൽനിന്ന് അറുപതുനാഴിക ദൂരമുള്ള "എയിൽനദീ"തീരത്തുനില്ക്കേണ്ടിവന്നു.

ഐക്യസൈന്യങ്ങൾ ജൎമ്മൻകാരോടു നേരിടുവാൻ സന്നദ്ധരായി. യുദ്ധം തുടങ്ങി എട്ടുമാസം കഴിഞ്ഞു് മാൎച്ചുമാസം ഇരുപത്തിരണ്ടാംതീയതിയാണ് ബ്രിട്ടീഷുകാർ ജൎമ്മൻകാരോട്ട് ആദ്യമായി എതിരിട്ടതു്. അതു് "ന്യൂവ് ചാപ്പൽ" എന്ന യുദ്ധത്തിൽവച്ചാണു താനും. അപ്പോൾ ഇന്ത്യൻസിപ്പായികൾ പ്രദർശിപ്പിച്ച അസാധാരണ ധൈൎയ്യവും സന്ദർഭോചിതമായ ശൌൎയ്യവീൎയ്യപരാക്രമങ്ങളും, ഇന്ത്യാചരിത്രത്തിൽ എന്നുമെന്നും ഒരു വിജയസംഭവമായി

നിലനില്ലും. സിപ്പായി "ഗണവീരസിംഹ"നും "വിക്റേറാറിയ ക്രോസ്സ്" ബഹുമതിമുദ്ര ലഭ്യമായെങ്കിലും, അതു ധരിച്ചിരിക്കുവാൻ അയാൾക്കു യോഗമുണ്ടായില്ല. ചക്രവർത്തിതിരുമനസ്സുകൊണ്ടു മൃത്യുഗതനായ ഈ യോദ്ധാവിൻെറ സ്മാരകാർത്ഥം ബഹുമതിമുദ്ര കല്പിച്ചുനൽകിയതാണു്.

കല്പന കിട്ടിയ മാത്രയിൽ ഈ ധീരയോദ്ധാവു് "കാരിത്തോക്കോ"ട്ടുകൂടി കുറെ സേനാനികളൊന്നിച്ചു ധൈര്യസമേതം ജർമ്മൻസൈന്യത്തിലെ പ്രധാന നിര അക്രമിച്ചു പോരാടി അവരെ കീഴടക്കി. ജർമ്മൻകാരെ പരാജയപ്പെടുത്തുവാൻ ഗണവീരനെ സഹായിച്ച ഇന്ത്യൻ സിപ്പായികളിൽ പ്രധാനി രണവീരനാണു്.

ഈ സംഭവം കഴിഞ്ഞ ഉടനെ "ഹിൽ അറുപതി"ലെ യുദ്ധമായി. അതെ, അതാണു് നമ്മുടെ കഥാനായകനെ സംബന്ധിച്ച സംഭവം.

V

"യീസർനദി''യുടെ കരകളിൽ രണ്ടു കക്ഷികളും—ശത്രുക്കളും, ഐക്യകക്ഷികളും—തങ്ങളുടെ കിടങ്ങുകളിൽനിന്നു പോരാടി. ജർമ്മൻകാർ മുന്നോട്ടു് അക്രമിപ്പാനും, ഐക്യകക്ഷികൾ അവരെ തടയുവാനും, ഭഗീരഥപ്രയത്നം ചെയ്യുന്നുണ്ടു്. നിർഭാഗ്യവശാലോ മറേറാ, ശത്രുക്കൾ ''ഹിൽ അറുപതു്'' പിടിച്ചിരുന്നുവെങ്കിൽ വലിയ അപത്താകുമായിരുന്നു. പ്രത്യുത, ഐക്യകക്ഷികളാണ് അദ്യം പിടിച്ചടക്കിയതെന്നുവരികിൽ അവരുടെ നില അപായരഹിതവുമാകും. തന്മൂലം അതാദ്യമായി കരസ്ഥമാക്കുവാൻ ഇരുകൂട്ടരും ഉററു ശ്രമിച്ചു.

തോക്കുകളുടെ സ്ഥിതിയും, സൈന്യങ്ങളുടെ നിലയും മററും ആകാശവിമാനംമൂലം മുകളിൽനിന്നു കണ്ടു് ഇരുകക്ഷികളും ഗ്രഹിക്കുന്നുണ്ടു്. ശത്രുക്കൾ അൾമാറാട്ടത്തിൽ ഐക്യകക്ഷികളെ കുടുക്കിലാക്കാൻ തുനിഞ്ഞു. ഐക്യകക്ഷികൾ ഒരു കാടിൻെറ മറവിൽക്കൂടി മുന്നോട്ടു് അടുക്കുകയായിരുന്നു. വഴികളിൽ നിലം കുഴിച്ചു ബോംബുകൾ സ്ഥാപിച്ചിരുന്നു. കിടങ്ങുകളിൽ ഒളിച്ചിരുന്നു്, ശത്രുവിൻെറ സമീപമാണെങ്കിലും ഓരോരുത്തർക്കും രക്ഷ പ്രാപിക്കാം; എന്നല്ല പഴുതിൽക്കൂടി തരംപോലെ ശത്രുവിൻെറനേരെ തോക്കൊഴിക്കുകയും ചെയ്യാം. ഇരുകക്ഷികളും കിടങ്ങുകളുടെ പഴുതുകളിൽ പലതരം തോക്കുകൾ നിരത്തി ഒളിച്ചുവച്ചിരുന്നു. ജർമ്മൻകാരുടേതു ഏററവും നാശകരങ്ങളായ ഒരുക്കങ്ങളായിരുന്നു.

ഇരുവശവുമുള്ള കിടങ്ങുകൾ മുഖത്തോടുമുഖമായിരുന്നു. എന്നു മാത്രമല്ല അവ തമ്മിൽ അധികമകലം ഉണ്ടായിരുന്നില്ല. ചിലേടത്തു് അകലം അൻപതു വാര മാത്രമേ ഉണ്ടായിരുന്നുള്ളു. ശത്രുക്കൾ ഒളിവിൽനിന്നു് ഊഹിച്ചു വെടിവച്ചുതുടങ്ങി. മണ്ണുചാക്കുകൾ കുന്നുകുന്നായി കമ്പികൾകൊണ്ടു കെട്ടി ഭദ്രമായി ഉറപ്പിച്ചിരുന്നതിനാൽ പിന്നിൽ ശത്രുപക്ഷത്തിലേക്കു് എത്താൻ പ്രയാസമായിരുന്നു.

മൂന്നു ഭടന്മാരെ ഒരു തുരങ്കമുണ്ടാക്കാൻ ഏർപ്പെടുത്തി; ഒരാൾ ഇംഗ്ലീഷുകാരനും, മറ്റൊരാൾ ഫ്രഞ്ചുകാരനും, മൂന്നാമത്തെയാൾ ഒരു ഹിന്ദുസിപ്പായിയും ആയിരുന്നു. ജീവന്റെ അപായനില മൂന്നുപേൎക്കും സമമാണു്. അവർ ഓരോരുത്തൎക്കും ധാരാളം സ്വത്തും, നല്ലവീടും, ഭാൎയ്യാകുട്ടികളും ഉണ്ടു്; ആവക സുഖങ്ങളെല്ലാം ഉപേക്ഷിച്ചു് മരിക്കുവാനായി അരയും തലയും മുറുക്കി വന്നിരിക്കയാണു്. യുദ്ധഭൂമിയിൽ ജാതിമതഭേദമില്ലതന്നെ; അവർ മൂന്നുപേരും ആത്മസ്നേഹിതരാണു്; മറ്റിരുവൎക്കും രണവീരനെ വലിയ ബഹുമാനവും വിശ്വാസവും ആണു്; എത്രതവണ അയാളുടെ ചൊടിയും മനോധൈൎയ്യവും മറ്റും അവരെ അപകടത്തിൽനിന്നു രക്ഷിച്ചിട്ടുമുണ്ടു്!

ജോലി ചെയ്യുമ്പോൾപോലും അവർ തമ്മിൽ മന്ത്രിച്ചിരുന്നു. തന്റെ നാടിനുവേണ്ടിയാണു് സൎവ്വസുഖങ്ങളുമുപേക്ഷിച്ചു് മരിക്കാൻ പുറപ്പെട്ടതെന്നു് ഫ്രഞ്ചുകാരനും, തന്റെ ജാതിയുടെ രക്ഷയ്ക്കായിട്ടാണെന്നു് ഇംഗ്ലീഷുകാരനും പറഞ്ഞു് ഹിന്ദുസ്നേഹിതന്റെ നേരെനോക്കി. അവർ അയാളോടു് പ്രത്യേകചോദ്യമൊന്നും ചെയ്തില്ല. പക്ഷെ അവരുടെ നോട്ടം രണവീരന്റെ ചെവിട്ടിൽ, "നിങ്ങൾ എന്തുദ്ദേശിച്ചാണു് വന്നതു്?" എന്നു മന്ത്രിച്ചതായി തോന്നി. അയാളെന്തുത്തരമാണു പറയുക? എന്തിനാണു് അയാൾ വന്നതു്! തന്റെ രാജ്യമോ, ജാതിയോ രക്ഷിക്കുവാനാണോ? ഒരു ഭടന്റെ കടമ നിറവേറ്റാനാണെങ്കിൽ അയാളതുമല്ല. അയാളുടെ മുറ തന്റെ ഭാൎയ്യയേയും കുട്ടിയേയും രക്ഷിക്കേണ്ടതല്ലേ? അയാളതുമുപേക്ഷിച്ചു് സ്വാത്മാവു ബലികഴിക്കുവാൻ സന്നദ്ധനായിരിക്കുന്നു! എന്തിനു്? എന്തുകൊണ്ടു്? എന്തുത്തരമാണു് അയാൾ പറയേണ്ടതു്. "എനിക്കു നിശ്ചയമില്ല; എന്റെ ആത്മാവു ബലികഴിക്കുവാൻ വന്നുവെന്നു മാത്രം എനിക്കറിയാം" എന്നു പറയുവാൻ ഭാവിച്ചു. എന്നാലതു പറയുന്നതിനുമുമ്പായി ഒരു കാഹളശബ്ദംകേട്ടു. ഇതു് നേരിടുവാനുള്ള ഒരു സംജ്ഞയ

ത്രേ. അവർ മൂന്നുപേരും സന്നദ്ധരായി. സൈന്യനിരയോട്ടുചേ ൎന്നു; ശത്രുക്കാം തുടരെത്തുടരെ ഉണ്ടകാം വർഷിച്ചുതുടങ്ങി.

VI

ഇടവിടാതെ ഉണ്ടകാം വന്നുവീഴുന്നു. ഒരു സ്ഥലത്തുവീണ ഉണ്ട സഹസ്രാംശരങ്ങളായി പൊട്ടിത്തെറിച്ചു പലേ നാശങ്ങളും വരുത്തുന്നു. വിഷവായു പലരുടേയും ജീവനപഹരിക്കുന്നു; ഇതൊന്നും കൂസാതെ കല്പനകിട്ടിയ തൽക്ഷണം സിപ്പായികാം മുന്നോട്ടു പാഞ്ഞുകയറി കഠാരിത്തോക്കുകാംകൊണ്ട് ശത്രുക്കളെ ഇടിച്ചു തകൎത്തുതുടങ്ങി; വളരെ ഭടന്മാർ ചത്തു; പലക്കും മുറിവേററു; പകരം പുതിയ ഭടന്മാരെ പിന്നിൽനിന്നു മുൻനിരയിലേക്കു കയററി. എന്നാൽ ഇരുമ്പുകോട്ടയെപ്പോലും തവിട്ടുപൊടിയാക്കുന്ന ജൎമ്മൻ ഉണ്ടകളെ മാംസരക്താസ്ഥികളാലുള്ള മനുഷ്യശരീരം എത്രനേരം ഏററുനില്ക്കും? ഈ അപൽഘട്ടത്തിൽ ജയം നേടുവാൻ ഒരുമാർഗ്ഗമേയുള്ളു. ശത്രുക്കളുടെ തോക്കുകാം ഉപയോഗിക്കാതാക്കിത്തീൎക്കണം. ദൈവഗത്യാ ഒരു ആകാശവിമാനംമൂലം ജൎമ്മൻ വലിയ തോക്കുകളുടെ സ്ഥിതിഗതികാം മനസ്സിലാക്കുവാൻ സാധിച്ചു.

"ആൎക്കാണ് തന്നത്താൻ ബലികഴിച്ച് ഈ കൃത്യം നടത്താൻ ധൈൎയ്യം? ശത്രുക്കളുടെ തോക്കുകാം നശിപ്പിച്ചു ജയക്കൊടി പാറിക്കുവാൻ ആൎക്കു സാധിക്കും? മുന്നോട്ടുവരിക! ഇംഗ്ലണ്ട്, ഫ്രാൻസ്, ഐക്യസൈന്യങ്ങളെ രക്ഷിക്കുവാൻ മുന്നോട്ടുവരിക! പരാക്രമഭടന്മാരേ മുന്നോട്ടുവരിക!" ഇപ്രകാരം "ഇരുപത്തിഒന്നാം പഞ്ചാബിസൈന്യ"ത്തിൻെറ കമ്മാണ്ടർ പറഞ്ഞു.

ഇതേവിധം ഓരോ കമ്മാണ്ടരന്മാരും ഭടന്മാരെ പ്രോത്സാഹിപ്പിച്ചു. ഓരോ സൈന്യത്തിൽനിന്നും ഏതാനും ഭടന്മാർമാത്രം മുന്നോട്ടുവന്നു. ഇതിനുമുമ്പ്, ഇടയ്ക്കിടേമാത്രം തൻെറ യജമാനനായ കൎണ്ണൽടോഡിനെ കണ്ടിരുന്നുള്ളു; എന്നാൽ ഇത്ര അടുത്തുനിന്ന് അദ്ദേഹത്തിൻെറ ശബ്ദം അയാാം കേട്ടിരുന്നില്ല. രണവീരൻ സധൈൎയ്യം മുന്നോട്ടുവന്ന് കൎണ്ണലിനെ സലാംചെയ്തു നിന്നപ്പോാം, അദ്ദേഹത്തിന് തൻെറ പഴയ ഭൃത്യനെ ഓർമ്മ വരികയാൽ, ധൈൎയ്യസമേതം ഇങ്ങനെ പറഞ്ഞു:—"ഹാ! 'സഞ്ജീവക'! എൻെറ ധീരനായ അനുഗാമി! താൻ ഈ യുദ്ധത്തിലുണ്ടോ? എന്നാൽ ഇനി എനിക്ക് ജയത്തേക്കുറിച്ച് സന്ദേഹമില്ല; നമ്മാം വിജയികളാവും; തീർച്ചതന്നെ!"

രണവീരൻ എന്തെന്നില്ലാതെ സന്തോഷഭരിതനായി; ഒരു ഉണർച്ച ഉണ്ടായി. അയാൾ യജമാനനെ വന്ദിച്ചു മന്ദസ്മിതവദനനായിനിന്നു; അങ്ങനെ തന്റെ നന്ദി മുഴുവനും പ്രദർശിപ്പിച്ചു.

VII

നിരന്തരോത്സാഹത്താൽ അസാദ്ധ്യമായതുപോലും സാദ്ധ്യമാക്കാം. ശത്രുക്കളുടെ പീരങ്കിഭടന്മാരെയെല്ലാം പിടിച്ചു തടവുകാരാക്കി. എന്നാൽ ഇതിന്നായി പുറപ്പെട്ടവരിൽ കുറച്ചുപേർ മാത്രമേ ശേഷിച്ചുള്ളൂ. അവർക്കുതന്നെ കഠിനമായി മുറിവേററിരുന്നു. ഒടുവിലത്തെ ശത്രുഭടനെ കൊന്നതിനു ശേഷം, രണവീരൻ രക്തപാനം ചെയ്ത കഠാരിത്തോക്ക് ആ ഭടന്റെ നെഞ്ഞത്തുനിന്നു വലിച്ചൂരി എടുത്തപ്പോൾ അത് അയാളുടെകയ്യിൽനിന്നും നിലത്തു വീണു; അതെടുക്കുവാൻ കുനിഞ്ഞുവെങ്കിലും സാധിച്ചില്ല. ഒരംമുതൽ കക്ഷംവരെ എന്തെന്നില്ലാത്ത വേദന ഉണ്ടായി. രക്തം ധാരാളമായി സ്രവിച്ചുതുടങ്ങി. എന്നിട്ടും ക്ലേശിക്കാതെ, ഇടത്തെ കൈകൊണ്ടു ആയുധമെടുത്തു ചൊടിയോടുകൂടി നടന്നു. ഇതിനിടയ്ക്കു് ചത്തവരേയും മററും കൊണ്ടുപോകുവാനുള്ള ഭടന്മാർ യുദ്ധക്കളത്തിലെത്തി. രണവീരൻ അവരുടെ കാറുകളുടെ അരുകിൽക്കൂടി നടക്കാൻ ശ്രമിച്ചു; പക്ഷെ സാധിച്ചില്ല; കാറുകൾ ത്വരിതഗതിയിൽ അയാളെ പിന്നിട്ടു.

നട്ടുച്ച; എന്നാൽ ആദിത്യനെവിടെ? സൂര്യൻ എവിടെയോ മറഞ്ഞിരിക്കയാണ്; ആകാശം കാർമേഘങ്ങളാലാവൃതമായി. റോഡുകളിൽ ചളികെട്ടിനിന്നിരുന്നു. തലേദിവസം രാത്രിമുതൽ മഴ തുടങ്ങി; ഈ അവസരത്തിലാണ് ജർമ്മൻഭടന്മാരെ പരാജിതരാക്കിയതു്.

രണവീരന്റെ കിടങ്ങു് അധികം ദൂരത്തല്ലായിരുന്നു; എന്നിട്ടുകൂടി അവിടേക്കുള്ള വഴി അയാൾക്കു് സുഗമമായിരുന്നില്ല. ഒരു ജർമ്മൻകാരനു് ഓടിവന്നു അയാളെ വെടിവെച്ചു കൊല്ലുകയോ, കുത്തിക്കൊല്ലുകയോ എളുപ്പത്തിൽ ചെയ്യാമായിരുന്നു. രണവീരൻ തീരെ അശക്തനായി; എങ്കിലും ഒരുവിധം ഒരു കാട്ടുവഴിയിൽക്കൂടി നടന്നു ഒരു വൃക്ഷച്ചുവട്ടിലെത്തി, അവിടെയിരുന്നു് അല്പം വിശ്രമിച്ചു.

രണവീരൻ ആകാശത്തിലേക്കു നോക്കി; തേജസ്സോടുകൂടിയുള്ള സൂര്യപ്രകാശത്താൽ പ്രശോഭിതമായി ഇന്ത്യയിൽവച്ചു കണ്ടിട്ടുള്ള ആകാശത്തെയും, അപ്പോൾ അയാൾ കാണുന്ന ആകാ

ശത്തേയും താരതമ്യപ്പെടുത്തി നോക്കി. അവ തമ്മിലുള്ള വ്യത്യാസം അയാൾക്കു അനുഭവപ്പെട്ടു. ഇന്ത്യയിൽചെന്നു ഒരിക്കൽകൂടി അതു കാണുവാൻ തനിക്കു സാധിക്കുമോ? അവരിപ്പോൾ എവിടെ? പതിവ്രതയായ ഭാര്യയും, ഓമനപ്പുത്രനും. അയാൾക്കു തന്റെ പ്രാണനിലും വിലയേറിയവരാണ്. അയാൾ ദീർഘമായി നിശ്വസിച്ചു. സന്ധ്യയോടുകൂടിയെങ്കിലും കിടങ്ങിലെത്തണമെന്നുവിചാരിച്ച് ഒരുവിധം എഴുന്നേററുനടന്നു.

അവിടെ അടുക്കാറായപ്പോൾ കൎണ്ണൽടോഡ് മുറിവേററു രക്തത്തിൽ മുഴുകിക്കിടക്കുന്നതാണ് കണ്ടതു്. പെട്ടെന്നു രണവീരൻ അടുത്തുവരുന്നതു കണ്ടപ്പോൾ കൎണ്ണലിന് ആശ്വാസമുളവായി. യഥാർത്ഥത്തിൽ രണവീരൻ അദ്ദേഹത്തിന്റെ സഞ്ജീവകനാണ്! രണവീരന്റെ വലത്തേക്കയ്യിന് അശേഷം ശക്തിയില്ല; ഇടത്തേകൈകൊണ്ടു് കൎണ്ണലിനെ സഹായിച്ച് എഴുന്നേല്പിച്ച്, അദ്ദേഹത്തെ പുറത്തുതാങ്ങി പതുക്കെ ഇഴഞ്ഞു.

വിഷവായുമൂലം ശ്വാസം കഴിപ്പാൻ ഞെരുങ്ങിത്തുടങ്ങി. മുഖത്തിന്റെ ഒരുഭാഗം അഗ്നിദ്രാവകത്താൽ വെന്തു് വിരൂപപ്പെട്ടിരുന്നു. ദക്ഷിണകക്ഷത്തിൽനിന്നു രക്തം സ്രവിക്കുന്നതിനും കുറവില്ല; എന്നാലിതൊന്നും രണവീരൻ വകവച്ചില്ല; അയാളുടെ വ്യസനം മുഴുവനും, കൎണ്ണലിനെ ആസ്പത്രിയിൽ കൊണ്ടാക്കാൻ സാധിക്കാതാകുമോ എന്നു മാത്രമായിരുന്നു.

അയാൾ അവിടെയെത്തി. സിപ്പായികൾ കൎണ്ണലിനെ അയാളുടെ പുറത്തുനിന്നു താഴത്തിറക്കിയ തൽക്ഷണംതന്നെ രണവീരൻ നിലത്തു ഉരുണ്ടുവീണു. ഹൃദയാങ്കുരമായ കൃതജ്ഞതയോടുകൂടി കൎണ്ണൽ രണവീരന്റെ കയ്യുപിടിച്ചു; പക്ഷേ രണവീരന്റെ ജോലി അവസാനിച്ചു. തന്റെ കൈകൾ യജമാനഹസ്തങ്ങളിൽ പിടിച്ചുകൊണ്ടു് ധീരോദാത്തനും, ശൌര്യവീരപരാക്രമശിരോമണിയും, ലോകപ്രസിദ്ധനും ആയ ആ ഹിന്ദുനായകൻ—കൃത്യനിർവ്വഹണത്തിന്റെ മാതൃകാപുരുഷൻ—ഭഗവൽഗീത ശരിയായി അനുഷ്ഠിച്ചുപോന്ന ധീരാശയൻ—മന്ദസ്മിതത്തോടുകൂടി നിർവ്വാണപദം പ്രാപിച്ചു.

കൎണ്ണൽടോഡിനു സുഖമായശേഷം, ചക്രവൎത്തിതിരുമനസ്സുകൊണ്ടു് "വിക്ടോറിയക്രോസ്സ്" എന്ന ബഹുമതിമുദ്ര കല്പിച്ചുനൽകിയ അവസരത്തിൽ, രണവീരന്റെ സ്മരണയാൽ കൎണ്ണൽ പൊട്ടിക്കരഞ്ഞു.

ഹരിണമിത്രം

അഥവാ,

പിതൃഭക്തനായ ഒരു മുനികുമാരൻ.

(ആലമ്പള്ളിൽ, എം. രാമൻപിള്ള.)

വിന്ധ്യപാർശ്വവനത്തിലൊട്ടുമുൻ-
പന്ധനാമൊരുതപസ്വിവാണുപോൽ
ബന്ധുവായവനൊരന്ധകാന്തയും,
ശാന്തനാം സുതനുമുണ്ടുകൂടവേ. ൧

ആ, മുനിപ്രവരനാത്മകാന്തയൊ-
ത്താമകന്റെ പരിരക്ഷയിൽ സദാ
പ്രേമമാർന്നു; പര,മീശ്വരാംഘ്രിയിൽ
ധീമയങ്ങിനിവസിച്ചുനിത്യവും. ൨

വിത്തമില്ലസുഖവൃത്തിയൊന്നുമി-
ല്ലത്തലെന്ന്യെമരുവുന്നുനിത്യവും;
ഹൃത്തടത്തിലഖിലേശഭക്തിതാ-
നുത്തരോത്തരമവർക്കുയർച്ചയായ്. ൩

ഭീകരം കൊടിയകാനനാന്ത,മെ-
ന്നാകിലും പരമൊരാന്ധ്യഹേതുവാൽ,
ലോകമാകെയൊരുപോലെയൊത്തവ-
ർക്കാകുലങ്ങളകലെത്തിരിഞ്ഞുപോയ്. ൪

വൃദ്ധരാമവർ ജരാനരാദിയാൽ
ബദ്ധരായ് തനുവിഭൂതികെട്ടുപോയ്
ഇദ്ധരിത്രിയിലിവർക്കുപുത്രനാ-
ണിദ്ധമോദമരുളേണ്ടതെപ്പൊഴും. ൫

നിർണ്ണയംനിയത,മാവസിപ്പത-
പ്പർണ്ണശാലയതിൽമാത്രമാണവർ
ഉണ്ണുവാൻവകയുമില്ലോ,രക്ഷയ-
സ്വർണ്ണപാത്രസമപുത്രനെന്നിയേ. ൬

നിത്യവും പിതൃജനങ്ങളെസ്സുതൻ
നിത്യകൎമ്മവിധിയാചരിക്കുവാൻ
കൃത്യമായ് പുഴയിലാനയിക്കു,മീ-
മൎത്ത്യബാലദിനകൃത്യമുത്തമം. ൭

ആയതിന്നുപരിയായവൻ തിര-
ഞ്ഞായപോലെ ഫലമൂലജാലവും
മായമേതുമിയലാതെകൊണ്ടുവ-
ന്നായതീൎന്നികടത്തിലേകിടും. ൮

ഘോരരാക്ഷസർ നിറഞ്ഞകാട്ടിലും
പാരമെപ്പൊഴുതുസഞ്ചരിച്ചിടാ?
ആരുചെയ്യുമിതുപോലെ തൃപ്തിയായ്
പാരിലിന്നുനിജപുത്രനെന്നിയേ? ൯

ബാലശീതകരകോമളൻ, സ്വയം-
ശീലസൽഗ്ഗുണവിശേഷഭൂഷണൻ
മാലകന്നുനിജപൎണ്ണശാലയിൽ
കാലമൊട്ടുമുനിസൂനുവാണുതേ. ൧൦

കോമളാംഗിവനലക്ഷ്മിതൻെറനൽ-
പ്രേമഭാജനമനീഹനെപ്പൊഴും
സീമയററഖിലസൽഗ്ഗുണങ്ങൾതൻ
ധാമമായിഹവളൎന്നുവന്നവൻ. ൧൧

കൂട്ടുകാരവിടെയില്ലസൻമൃഗ-
ക്കൂട്ടമാണിവനു ലീലചെയ്യുവാൻ
പുഷ്ടമോദമിയലേണ്ടശയ്യ,പുൽ-
ത്തട്ടമാണിവനുമാമൃഗത്തിനും. ൧൨

തത്രസാധുമൃഗസഖ്യദൎശനാൽ
പുത്രനേ"ഹരിണമിത്ര"മെന്നുതാൻ
അത്രവൃദ്ധമുനിപേരുമിട്ടിതേ
ചിത്രമീവിധമിവൻെറ ജീവിതം. ൧൩

തൻപിതാക്കളഖിലേശതുല്യരെ-
ന്നൻപിനോടവനുറച്ചുനിത്യവും
തൽപദാബ്ജപരിചര്യചെയ്കയാ-
ലിയമേററമൃഷികൾക്കടിച്ചഹോ! ൧൪

സത്തരാം നിജപിതാക്കളാൽവരു-
ന്നത്തലേതുമിവിടെസ്സഹിക്കുവാൻ
കാത്തുനിൽക്കുമൊരുബാലനാണുന-
ല്ലുത്തമോത്തമയശസ്സുനേടുവോൻ. ൧൫

(തുടരും)

ചാത്തുക്കുട്ടി വൈദ്യരുടെ

വിഷൂചികാസംഹാരി.

(പിൽകൊ) (Cholera Specific)

എന്ന നടപ്പുദീനത്തിനുള്ള സിദ്ധൌഷധം. ചുരുങ്ങിയതു രണ്ടു ജീവനെ രക്ഷിപ്പാൻ മതിയായ ഒരു ഡപ്പിക്കു വില 1 ക. മാത്രം.

ഉഷ്ണരോഗനാശനതൈലം.

ഉഷ്ണപ്പുണ്ണ്, അസ്ഥിസ്രാവം, ഒടിക്കുരു ശുക്ലസ്രാവം മുതലായ എല്ലാതരം ഉഷ്ണരോഗങ്ങൾക്കും കൈകണ്ട ഒരു മരുന്ന്. 8 ഔൺസ് അടങ്ങിയ ഒരുകുപ്പിക്കു വില 2 ക. 8 ണ. മാത്രം.

കൂടാതെ എല്ലാവിധ ഔഷധങ്ങളും എത്രയുംവിശേഷപ്പെട്ടരീതിയിൽ ഇവിടെ വില്പാൻ തയ്യാറുണ്ട്. ആവശ്യപ്പെട്ടെഴുതിയാൽ വിലവിവരപ്പട്ടിക വിലകൂടാതെ അയച്ചുകൊടുക്കുന്നതാണ്. ആവശ്യപ്പെടേണ്ടും മേൽവിലാസം:—

ഡോക്ടർ, കെ. വി. കൃഷ്ണൻ,
ധർമ്മവൈദ്യശാല, കല്ലായി—മലബാർ.
or
ബാൽസി കമ്പനി, മരുന്നുഷാപ്പ്, കോഴിക്കോട്.

മലയാളസാഹിത്യത്തിൽ ചമ്പുക്കൾക്കുള്ള സ്ഥാനം.

(സാഹിത്യപണ്ഡിതർ, എൻ. വി. പരമേശ്വരശാസ്ത്രികൾ.)

അതിശയിക്കത്തക്ക കവികല്പനാശക്തികൊണ്ടും അഭിനന്ദനീയമായ ആശയപൌഷ്കല്യംകൊണ്ടും അതിരമണീയമായ രീതിമാധുര്യംകൊണ്ടും എത്രതന്നെ വായിച്ചാലും ഒരലംഭാവമുണ്ടാകാത്തതായ ഒരു സ്ഥാനമാണു് ഭാഷാസാഹിത്യത്തിൽ ചമ്പുക്കൾക്കുള്ളതു്. ഇതു കൈരളിയുടെ അനർഘങ്ങളും അനശ്വരങ്ങളുമായ ഒരു ദിവ്യസ്വത്തായിട്ടാണു് യഥാർത്ഥഭാഷാഭിമാനികൾ കരുതിയിരിക്കുന്നതു്. ഇവയിൽ സിംഹഭാഗത്തിൻേറയും കർത്താക്കന്മാർ, വിദ്വൽശിരോമണികളും കൈരളിക്കലംകാരഭൂതന്മാരും രസികാഗ്രേസരന്മാരും യഥാർത്ഥ കവിപുംഗവന്മാരും ശൃംഗാരലമ്പടന്മാരുമായ നമ്പൂതിരിമാർതന്നെയാണു്. ഇവരുടെ ശൃംഗാരരസം ഒന്നു വേറെതന്നെ. നിത്യം മൃഷ്ടാന്നഭോജനംകഴിച്ചു്, ദാരിദ്ര്യദേവതയുടെ താണ്ഡവരംഗസ്മൃതി സ്വപ്നത്തിൽപോലുമില്ലാതെ യഥാർത്ഥസാഹിത്യതത്വപ്രവാഹപീയൂഷയൂഷത്തെ ഉത്സാഹഭരിതരായി ആസ്വദിച്ചു് അതിൽത്തന്നെയുള്ള പരമാനന്ദലഹരിയിൽ ലയിച്ചു് ഐഹികസുഖത്തിൻെറ സത്തറിഞ്ഞു രസിച്ചു് കാലയാപനം ചെയ്തിരുന്ന ഈ കേരളഭൂദേവന്മാർ ഇത്തരം കൃതിശതങ്ങൾ എഴുതി പ്രചരിപ്പിച്ചിരുന്നതു് അവരുടെ തെളിഞ്ഞ കല്പനാശക്തിയുടെയും തികഞ്ഞ പാണ്ഡിത്യത്തിൻേറയും അടിയുറച്ച കവിതാവാസനയുടെയും തിരത്തള്ളൽതന്നെ എന്നുള്ളതിനു തർക്കമില്ല. വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായവരുടെ കാവ്യരീതിതന്നെയാണു് ഇവരും അനുകരിച്ചിരിക്കുന്നതു്. സംസ്കൃതസാഹിത്യത്തിൽ കാളിദാസമഹാകവിയുടെ കാവ്യങ്ങൾക്കുള്ള സ്ഥാനമാണു് മലയാളസാഹിത്യത്തിൽ ചമ്പുക്കൾക്കുള്ളതു്.

എന്നാൽ പൂർവികന്മാരെപ്പോലെ ആധുനികന്മാർക്കു ചമ്പുപ്രബന്ധങ്ങളിൽ അത്ര രുചി ഇല്ലെന്നുള്ളതും പരക്കെ പടർന്നുവശമായിട്ടുണ്ടു്. അതു് ഇദാനീന്തനന്മാർക്കുള്ള സംസ്കൃതപരിചയക്കുറവും യഥാർത്ഥകവിതകളെ വഴിപോലെ ആസ്വദിപ്പാൻ അവരുടെ ദൃഷ്ടിക്കു പററിയിട്ടുള്ള അദീർഘദർശിത്വദോഷവുമായിരിക്കാം. ഇങ്ങനെയുള്ളവർ വന്ദിച്ചാലും നിന്ദിച്ചാലും ചമ്പുപ്ര

സ്ഥാനങ്ങൾക്ക് യാതൊരു ദോഷവും വരാനില്ല. കരിങ്കല്ല് എത്രനാൾ വെള്ളത്തിൽ കിടന്നാലും തീപ്പൊരി പാറ്റിക്കുവാനുള്ള അതിൻെറ ശക്തിക്ക് ഒരിക്കലും കുറവുവരുന്നതല്ല. ആവശ്യമുള്ളവർ എപ്പോൾ എടുത്തു മുട്ടിയാലും അഗ്നിയുണ്ടാകും. അതുപോലെയാണ് ചമ്പുക്കളുടെ അവസ്ഥയും.

ചമ്പുകാവ്യങ്ങളുടെ ഉത്ഭവത്തേയും തത്തൽകാവ്യകർത്താക്കളേയുംപററി സൂക്ഷ്മമായറിയുന്നതിന് നമുക്ക് അന്നുള്ള ചരിത്രം വിശദമായി കിട്ടിയിട്ടില്ല. എങ്കിലും കൊല്ലവർഷം ൬൦൦-നും ൯൦൦-നും മദ്ധ്യേയുള്ള കാലമാണ് ചമ്പുകാവ്യങ്ങളുടെ ഉത്ഭവമെന്ന് ആധുനികസാഹിത്യചരിത്രാന്വേഷികൾ പറഞ്ഞുവരുന്നു. ഇക്കാലങ്ങൾക്കിടയിൽ അനവധി ചമ്പുക്കൾ സംസ്കൃതത്തിലും ഭാഷയിലും ഉണ്ടായിട്ടുണ്ട്. ചമ്പുകാവ്യങ്ങളുടെ സംഖ്യ ഉദ്ദേശം മുന്നൂറിൽ അധികം കാണുമെന്നാണു തോന്നുന്നത്. ഇവയിൽ ഏറിയകൂറും നമ്പൂതിരിമാരുടേയും ശേഷം ബ്രാഹ്മണേതരന്മാരായ പിഷാരൊടി, വാര്യർ, നായർ മുതലായവരുടേതുമാണ്. ഈ കൃതികൾ എല്ലാംതന്നെ ഗുണഭൂയിഷ്ഠങ്ങളും കൈരളിയുടെ അമൂല്യസമ്പത്തുക്കളുമാണെന്ന് മുൻപേതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ഇവയിൽ കുറച്ചുഭാഗമേ മുദ്രണംചെയ്തു നമുക്ക് ഉപയോഗയോഗ്യമായിട്ടൊള്ളു. ബാക്കിയുള്ളവ സൂര്യരശ്മിപോലും തട്ടാനിടയാകാതെ വല്ല ഗ്രന്ഥപ്പുരകളിലും ചിന്നിച്ചിതറി ചിതലിൻേറയും പാററയുടേയും തീററിയായ്ക്കിടക്കയാണ്. അവയെല്ലാം കാലവിളംബംകൂടാതെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിൽ ആധുനികസാഹിത്യപ്രണയികൾ ജാഗരൂകന്മാരായ്ക്കാണുന്നതു സന്തോഷാവഹംതന്നെയാണ്. ചമ്പുകാവ്യകർത്താക്കന്മാരിൽവച്ചു മേഖലക്കിടയിൽ നിൽക്കുന്നതു് പുനവും മഹിഷമംഗലവുമാണ്. ഇവരാണു ചമ്പുകാവ്യങ്ങളുടെ പ്രധാന കർത്താക്കന്മാർ. ഇവരുടെ ജീവിതകാലവും മുൻപറഞ്ഞ ശതാബ്ദംതന്നെയെന്നുള്ളതു നിശ്ചയംതന്നെ.

"മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭില" യായ ഭാഷാരീതി ചമ്പുക്കൾക്കുള്ള ഒരു പ്രത്യേകഗുണമാണ്. ഭാഷാചമ്പുക്കളെപ്പോലെ സംസ്കൃതവും ഭാഷയും, പാലും പഞ്ചസാരയുംപോലെ ഇത്ര മനോഹരമായി ചേർന്നിട്ടുള്ള മററൊരുകൃതി ഉണ്ടോ എന്നു ചോദിച്ചാൽ ഇല്ല എന്ന് ഉച്ചൈസ്തരം ഉൽഘോഷിക്കാം. ഭാഷയും സംസ്കൃതവും രണ്ടാണെന്ന് അവർ കരുതിയിരുന്നോ എന്നു നിശ്ചയം ഇല്ല. സംസ്കൃതമലയാളപദങ്ങളെ സമ്മോഹനമാംവിധം സംഘടിപ്പിക്കുന്നതിൽ അവർ കാണിച്ചി

ട്ടുള്ള നിരങ്കുശത്വവും സാമൎത്ഥ്യവും സ്വാതന്ത്ര്യവും ക്ലസലില്ലായ്മ യും കണ്ടാൽ ആൎക്കാണ് വിസ്മയം ജനിക്കാത്തതു്? ഈവക ഗുണങ്ങൾ ചമ്പുക്കളിൽ എവിടെ നോക്കിയാലും പ്രസ്പഷ്ടം കാണാവുന്നതാണ്. ചിലപ്പോൾ ചമ്പുക്കളിലെ ഭാഷ തനിസംസ്കൃതം ആയിരിക്കും. ചില സന്ദൎഭങ്ങളിൽ പച്ചമലയാളം; ചിലെടത്തു പ്രാകൃതം, ചില സ്ഥലത്തു് പ്രൗഢഗംഭീരമണിപ്രവാളം. ഈവിധം സന്ദൎഭംമാറി പ്രയോഗിക്കുന്നതിൽ അവർ അതിനിപുണന്മാർതന്നെ. ഇപ്രകാരമൊക്കെയാണെങ്കിലും പ്രധാനമായ മണിപ്രവാളരീതിയാണ് അവർ അംഗീകരിച്ചിരുന്നതു്.

ഭാഷാചമ്പുക്കളുടെ ആരംഭം ഒരു മംഗളപദ്യത്തോടുകൂടെയാണ്. ഈ മംഗളപദ്യം അതിലുള്ള ഇതരപദ്യങ്ങളേക്കാൾ തുലോം നന്നായിരിക്കും. ശൃംഗാരം, ഭക്തി ഈ രണ്ടു രസങ്ങളെ വൎണ്ണിക്കുന്നതിലാണല്ലോ കവികളുടെ കല്പനാശക്തിക്കു ലൈസൻസുള്ളതു്. ശൃംഗാരവും, ഭക്തിയും ചേൎന്നുള്ള വന്ദനശ്ലോകങ്ങൾ ഉണ്ടാക്കുന്നതിൽ അവർ അദ്വിതീയന്മാരാണെന്നു താഴെക്കാണുന്ന മംഗളപദ്യങ്ങളിൽനിന്നും തീൎച്ചയാക്കാം.

"ഭംഗ്യാപിംഗേ ഭുജംഗാവലി രചിതവിമ-
    ൎദ്ദകപൎദ്ദേദയാനം
തുംഗാൻ ഗംഗാതരംഗാൻ നിടിലഹുതവഹ-
    ജ്വാലയാ ശോഭമാനം
ശൃംഗാരദ്വൈതവിദ്യാ പരിമളലഹരീം
    വാമഭാഗേവഹന്തം
മംഗല്യം കൈവളൎപ്പാൻ ദിനമനു മഹമേ!
    ചന്ദ്രചൂഡം ഭജേഥാ."

എന്നു ഭാഷാനൈഷധം ഉത്തരഭാഗത്തിലും

"മംഗല്യാനാം പ്രസൂതിം മഹിമപെരിയനാ-
    നാമുനീനാം മനീഷാ-
രംഗേ ബോധപ്രദീപേ നടനകലവിതേ-
    ടുന്ന തത്വസ്വരൂപം
ശൃംഗാരബ്രഹ്മസമ്മേളന സുലളിതവാ-
    മാങ്കഭാഗം തൊഴുന്നേൻ
തുംഗാഭോഗം പദാന്തപ്രണതജലധിജാ
    കാമുകം വ്യോമകേശം."

എന്നു കാമദഹനത്തിലും,

"പാലാഴിത്തയ്യലാൾതൻ തിരുനയനകലാ-
ലോലലോലംബമാലാ-
ലീലാരംഗം ഭുജംഗേശപരമണിശയനേ
തോയരാശൗശയാനം
മേലേമേലേതൊഴുന്നേൻ ജഗദുദയപരി-
ത്രാണസംഹാരദക്ഷം
ലോലാത്മാനം പദാന്തപ്രണതസകലദേ-
വാസുരം വാസുദേവം."

ഇങ്ങനേ ഭാരതചമ്പുവിലും,

"ഏണാങ്കാദിത്യകോടിപ്രതിഭടസുഷമാ-
ദീപ്തിമുൽക്ഷിപ്യദോർഭ്യാം
വേണും; വ്യാഖ്യാനമുദ്രാമധരകരതലേ
ദക്ഷിണേ ചാദധാനം
സാനന്ദംചേത്തിടംതൃത്തുടയിലുദധിജാം
വാമദോശ്ണാകുചാഗ്രം
താനേമോദാൽ സ്പൃശന്തം കരുതുക മനമേ!
സ്വാവബോധം മുകുന്ദം."

ഇപ്രകാരം കംസവധത്തിലും,

"മന്നീരേഴിങ്കലെങ്ങും നിഗമപവനനിർ-
ദ്ധൂതസൗഗന്ധ്യമുദ്രാ-
സന്ദോഹം ഗൗരനീലവ്യതികരവിലസൽ
കാന്തിപൂരാഭിരാമം
എന്നേരത്തും മനീഷേ! മഹിതവൃഷപുരോ-
ത്തുംഗസന്താനശൃംഗേ-
മിന്നും പുഷ്പത്രയം മെത്തിനനിശമിമനോ
മത്തഭൃംഗംഭജേഥാഃ."

ഇങ്ങനെ രാജരത്നാവലീയത്തിലും.

"പാലംഭോരാശിമദ്ധ്യേ ശശധരധവളേ
ശേഷഭോഗേശയാനം
മേളംകോലും കളായദ്യുതിയൊടു പടവെ-
ട്ടുന്നകാന്തിപ്രവാഹം

നാളന്നേറിത്തുളുമ്പും നിരുപമകരുണാ-
ഭാരതാമ്യൽകടാക്ഷം
നാളീകത്താരിൽമാതിൻകുളുർമുലയുഗളീ
ഭാഗധേയം ഭജേഥാഃ."

ഇങ്ങനെനൈഷധം പ്രഥമഭാഗത്തിലും,

"ലക്ഷ്മീമാതിൻനറും കുങ്കമസുരഭിലമാം
കൊങ്കതൻ പുണ്യപാളീ-
മുഖ്യാടോപം ജഗൽപാലനനിപുണത കൈ-
ക്കൊണ്ട തൃക്കൺവിലാസം
ഉൾക്കാമ്പിൽ കണ്ടുപാസേ സജലജലധര-
ശ്രേണിനാണിച്ചകാന്തി-
പ്രക്ഷോഭം നിത്യമാദ്യം കമലഭവമഹേ-
ന്ദ്രാദിവന്ദ്യം മുകുന്ദം"

എന്നു പാരിജാതഹരണത്തിലും കാണുന്നു. ഇതിൽ ശബ്ദഭംഗിയും ശൃംഗാരഭംഗിയും അസ്സലായി തെളിഞ്ഞുവിളങ്ങുന്നുവെന്നു പറയണമെന്നില്ലല്ലോ.

വന്ദനം കഴിഞ്ഞാൽപിന്നെ കഥാസൂചന മൂന്നുവിധമാണുള്ളത്. ഒന്നുകിൽ ഒരു തോഴനെ വിളിച്ചുവരുത്തി അയാളെ കണ്ടതിനാലുള്ള സന്തോഷത്തെ പറയാൻപോകുന്ന കഥയുടെ ഏതെങ്കിലും ഭാഗത്തിൽ ആക്കെങ്കിലുമുണ്ടാകുന്ന ആഹ്ലാദത്തോടു സാമ്യപ്പെടുത്തുക. അല്ലെങ്കിൽ ഒരു സാമാന്യശ്ലോകം പ്രസ്താവിച്ചു കഥയെ ഉദാഹരണമായിട്ടു സൂചിപ്പിക്ക. മൂന്നാമത്തേതു വസ്തുനിർദ്ദേശം ആശിസ്സു കല്പിക്കുന്ന രീതിയിലാണ്. കഥാസൂചനം കഴിഞ്ഞാൽപിന്നെ കഥാകഥനമാണ്. നഗരിയോ പർവ്വതമോ രാജ്യപരിപാലനമോ മറ്റോ വർണ്ണിക്കാൻ തരംകിട്ടിയാൽ അവർക്കുണ്ടാകുന്ന സന്തോഷത്തിനു ഒരു അന്തമോ അറ്റമോ കാണുകയില്ല. വാസ്തവം ആലോചിച്ചാൽ പ്രാചീനചമ്പുകർത്താക്കന്മാരെല്ലാം കഥ പറയുവാനല്ല പറയാതിരിക്കുവാനാണു നോക്കുന്നത്. സൗകര്യം കിട്ടുന്നിടത്തെല്ലാം വലിച്ചുനീട്ടി കാവ്യവർണ്ണന ചെയ്യും. എന്നാൽ അതു ഇപ്പോഴുള്ള മഹാകവികളുടെ മഹാകാവ്യവർണ്ണനപോലെയല്ലതാനും. ഇംഗ്ലീഷിൽ "കീററ്സി"ന്റെയും കാവ്യരീതി ഇതുതന്നെയാണ്. വർണ്ണനയ്ക്കു സൗകര്യംകിട്ടിയാൽ തന്റെ പ്രചണ്ഡപാണ്ഡിത്യത്തെയും ഭാവനാശക്തിയേയും പതുക്കെ അഴിച്ചുവിടും. അവ സ്വർഗ്ഗത്തോ വൈകുണ്ഠത്തോ മറ്റെവിടെയെങ്കിലു

മോ പൊയ്ക്കൊള്ളും. അങ്ങനെയുള്ള പരിപൂർണ്ണസ്വാതന്ത്ര്യത്തോടുകൂടെ പാഞ്ഞുകയറി ചെല്ലുവാനുള്ള ഒരു ദിവ്യശക്തി അതിനു നിസർഗ്ഗസിദ്ധമായിട്ടുള്ളതാണ്.

"അപാരേ കാവ്യസംസാരേ
കവിരേവപ്രജാപതി"

എന്നുള്ള കവിവാക്യത്തെ അവർ അറിഞ്ഞുതന്നെയാണ് പ്രവർത്തിച്ചിരുന്നത്. പ്രകൃതിയിലുള്ള വസ്തുക്കളുടെ നേർപകർപ്പ് എടുത്തു കാണിക്കണമെന്നല്ല അവർ വിചാരിച്ചിരുന്നത്. അതുകളെഎല്ലാം സുമനോഹരമായ വിധത്തിൽ മാതൃകാത്മപേണ പ്രകാശിപ്പിച്ചു ജനങ്ങളുടെ സങ്കല്പശക്തിയോടു പരിചയപ്പെടുത്തി വികസിപ്പിച്ചു രസിപ്പിക്കണമെന്നായിരുന്നു അവരുടെ വിചാരം. അതു സമ്പൂർണ്ണമായി സഫലീഭവിച്ചിട്ടുണ്ടെന്നു അവരുടെ ഏതു കൃതി വായിച്ചാലും അറിയാവുന്നതാണ്. ചമ്പുപ്രബന്ധങ്ങളിലെ ശബ്ദഭംഗിമാത്രം കാണിക്കാൻ ചില പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

"കണ്ടോളം കൺകുളിക്കുംമണിഭവനമനോ-
ഹാരിണീ രാജ്യലക്ഷ്മീ-
കണ്ഠാശ്ലേഷം കലർന്നുള്ളളിലവസുമതീ-
പാലമാലാഭിരാമം
ഭണ്ഡാരംകൊണ്ടുപൂർണ്ണാ ഗജമദസുരഭീ
ഭൂതശൃംഗാടകാ പ-
ണ്ടുണ്ടായീപോലയോദ്ധ്യാ ജഗതിപരിചിതാ
രാജധാനീരഘൂണാം.

ലോകാലോകോല്ലസൽഗോപുരഘനപരിഘാ-
ലംകൃതാഭംഗി കൈക്കൊ-
ണ്ടാകാശത്തോടുരുമ്മീടിന കനകമണീ-
സാലമാലാഭിരാമാ
ഏകാന്തേ രത്നഹർമ്മ്യങ്ങളിൽനിജ തരുണ
ന്മാരുമായ് മാരകേളീ-
രാഗാലോലംകളിക്കും മധുരമൃഗമദാം
വിഭ്രമൈർഭാസമാനാ.

മല്ലാർപൂങ്കാവിലമ്പും മൃദുലപവനമേ-
റ്റൂയലാടികളിക്കും
മല്ലാക്ഷീനാം മദോദഞ്ചിതസുലളിതസംഗീ-
തഭംഗീമനോജ്ഞാ

ഉല്ലാസംപൂണ്ടു പൊന്നിൻകൊടിമരമുകളിൽ
കാററലച്ചുംബ്ബ്യദാളീം
മെല്ലെമല്ലെമുകയ്യും കനകമയപതാ-
കാവലീ ലാളനീയാ."

ഇവരുടെ ഗദ്യങ്ങളിലും ഈവക ശബ്ദഭംഗി ധാരാളം കാണ്മാനുണ്ട്. ദൈവികസമൃദ്ധി ഇവിടെയാണു അധികം കളിയാടുന്നതെന്നു സഹൃദയന്മാർ സശിരക്കമ്പം സമ്മതിക്കുന്നതാണെന്നു പറഞ്ഞാൽ അതിൽ അശേഷം തെററില്ല.

"അസ്തഗിരീശപരമസ്തകസീമനി
ഭാസ്തരഭഗവാൻ മറയുന്നേരം
ശതവതിസവിതരിഗ്രഹകളിൽനിന്നി-
സ്തിമിരകപീശപരരിളകുന്നേരം
ദിക്ഷുവിദിക്ഷുചതുഷ്ക്കരമായത-
രക്ഷൂഗണങ്ങൾ തിമിക്കുന്നേരം
കാട്ടിൻനടുവിൽ കാട്ടാളാവലി
കൂട്ടംകൂടി ചെല്ലുന്നേരം
മല്ലീ വല്ലീ പുല്ലാവലിരിഹ
മെല്ലെമെല്ലെ വിരിയുന്നേരം
പക്ഷികൾ വൃക്ഷാവലിയിലടങ്ങി-
യിണങ്ങിമയങ്ങിയുറങ്ങുന്നേരം
കാമുകപടലികൾ കാമിനിമാർതൻ
കോമളമുലകളിലണയുന്നേരം
ക്രോഷ്ടുനാംതതി കാട്ടിൻനടുവിൽ
കൂട്ടംകൂടിപ്പാട്ടുന്നേരം
ഞെട്ടഞെട്ടെയുടനുടനടവികൾതോറും
കരടികൾകട്ടതരമലറുന്നേരം
കാനനനികരേവിരഹിതവിദ്വരേ
ദീനതപൂണ്ടുനടന്നുമുഴന്നും
സർപ്പാനുഗ്രാൻ ദർപ്പോദഗ്രാ-
നഭ്യാശേകണ്ടാശുവിറച്ചും
ഗമനനിരാശാകുഹചനദേശേ
നിഷസാദൈഷാ മഹിതായോഷാ.

ഇങ്ങനെ മധുരമധുരമായ ഗദ്യം അവസാനിക്കുമ്പോൾ പ

തിഞ്ഞ ഒരു പദ്യം വരുന്നതു എന്തു രസാവഹമായിരിക്കും. നോക്കുക:—

"കാതൎയ്യംചേൎത്തു കോകങ്ങളിലഖിലചകോ-
രാവലിപ്രാണരക്ഷാ-
ചാതുൎയ്യം കൈവളൎത്തിസ്സകലകുമുദിനീ-
കാമിനീപുണ്യഭ്രമാ
വൈധുൎയ്യാദവഗാഢായീ വിരഹിഷുസുഷമാ-
പൂരപീയൂഷധാരാ-
മാധുൎയ്യംപോഷയൻദേഹിഷു പുനരുദിയാ-
യൈഷപീയൂഷധാമാ"

അതുപോലെതന്നെ,

"തസ്മിൻകാലേ ഖധാരോഹം മദ്ധ്യേഗഗനമിഹാദ്ധ്യാരൂഢേ. മദ്ധ്യാഹ്നാൎക്കഖരതരദിനകര രുചിരതര പരിഗതഗുരുതരവരകരജാലേ വിയതിവിശാലേ.ചൂഴുംകേഴും കുറുനരിനിരയും മാട്ടം തണലും കാട്ടംപടലും ദൎപ്പമെഴും ചില സൎപ്പൌഘങ്ങളുമാട്ടം മയിലും പാട്ടും കുയിലും മുട്ടംവഴിയും തോട്ടംപുഴയും വൃക്ഷാഗ്രങ്ങളിലക്ഷാന്ത്യാ ചെന്നൃക്ഷൌഘാനാം പ്രക്ഷോഭങ്ങളുമരിയൊരുവെയിലും പെരിയൊരുമുയലും കല്ലുംമലയും കൊല്ലുംപുലിയും മഞ്ഞുംവണ്ടും ഞണ്ടിൻനിരയും പുഴുവുംകുഴിവും വഴിയുംപേൎത്തുമിവണ്ണം ദുസ്ഥിതവസ്തുവിശേഷമൊഴിഞ്ഞിട്ടൊന്നും കാണ്മാനില്ലാഞ്ഞധികം വ്യാകുലചേതാവൎജ്ജിതദോഷാ വ്യപഗതതോഷാഹൃദി കൃതിരോഷാ വിലലാപൈഷാ"

എന്നു കഴിഞ്ഞു് ഉടനേതന്നെ.

"കാന്താരേഹന്തമാം ബന്ധുരവിപുലമഹാ
സിന്ധുരേന്ദ്രാതിഘോരേ
കാന്താ,രേ പേൎത്തുമിട്ടേച്ചയി! സുമുഖ! ഭവാ-
നെങ്ങുപോയീ ഗുണാബ്ധേ!
താന്താനഞ്ചുറുവട്ടം നിജഗമനവിധൌ
യാത്രയും ചൊല്ലിയേച്ചേ-
താന്താമെന്നെപ്പിരിഞ്ഞിട്ടൊരുപദമിളകു-
പണ്ടുനീ പുണ്യരാശേ!"

എന്നുള്ള പദ്യം വരുമ്പോൾ അതിഗഹനമായ കാന്താരമദ്ധ്യത്തിൽ പതിവ്രതാശിരോമണിയും ഏകാകിനിയുമായ ആ സാധുദമയന്തിയുടെദുഃസ്ഥിതി എത്ര ഭയാനകമായിരിക്കുന്നു എന്നൊന്നാലോ

ചിച്ചുനോക്കുക. ഇത്ര കാവ്യരസം വഴിഞ്ഞൊഴുകുന്ന ഒരു രീതി ചമ്പുപ്രബന്ധങ്ങളിലല്ലാതെ മറെറാരു പ്രബന്ധങ്ങളിലും കണികാണ്മാനില്ലെന്നുള്ള സംഗതി പരക്കെ ബോദ്ധ്യമുള്ളതാണ്. ദമയന്തീസ്വയംവരവും പാഞ്ചാലീസ്വയംവരവും ഒന്നു വായിച്ചുനോക്കുക. മലയാളഭാഷാസാഹിത്യത്തിലെ പ്രബന്ധം വായിക്കാത്തവരെ സാഹിത്യരസികന്മാരെന്നു സ്വപ്നത്തിൽപോലും പറവാൻ അസ്മാദൃശന്മാരുടെ മനസ്സനുവദിക്കുന്നില്ല. അത്യന്തം കർണ്ണസുഖമുള്ള പദങ്ങൾ പഴക്കംതോന്നിക്കുന്നതുകൊണ്ടു പ്രത്യേകം ഗുണമുള്ള പദങ്ങൾ ഇവയും, വെണ്ണിലാവുനീണാൾ, വെന്നിക്കൊടി, മുറുവൽ, അഴകുപൊഴിയും, മണമുലാവും, പുകൾമികം, ഒരുനറുങ്ങു, തകും, ഉള, കടമ്പൻമാലാ, വാതിൽമാടം, ഇങ്ങനെയുള്ള പദങ്ങളും ചമ്പൂഗ്രന്ഥകർത്താക്കന്മാരുടെ ഉപകരണങ്ങളാണ്.

ചമ്പുപ്രബന്ധങ്ങളോട്ട് ഇത്ര വിദ്വേഷം ആധുനികന്മാക്കുണ്ടാകാനുള്ള കാരണം അതിലെ അതിർകവിഞ്ഞുകാണുന്ന സംസ്കൃതബാഹുല്യമാണെന്നു മുൻപേതന്നെ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ മലയാളപദ്യങ്ങളുടെ സകല കെട്ടുപാട്ടുകളും സംസ്കൃതമനുസരിച്ചാണ് ഇരിക്കുന്നത്. ഇന്നുവരെ അതിൽനിന്നും വ്യതിചലിക്കാൻ മലയാളപദ്യങ്ങൾക്കു കഴിഞ്ഞിട്ടില്ലായെന്നു പറയുന്നതിൽ വിപരീതാഭിപ്രായമുണ്ടെന്നു തോന്നുന്നില്ല. ആ സ്ഥിതിക്കുസംസ്കൃതത്തിൽ ഏകദേശമെങ്കിലും ഒരു വ്യുല്പത്തി സമ്പാദിക്കാതെ ചമ്പുപ്രബന്ധങ്ങളുടെ ആശയമറിഞ്ഞു രസിക്കാൻ സാധിക്കയില്ലെന്നുള്ളതു് അസംസ്കൃതന്മാർക്ക് അനുഭവൈകവേദ്യമാണ്. സംസ്കൃവ്യുൽപത്തിയുള്ളവർക്കു ചമ്പുപ്രബന്ധങ്ങൾ അമൃതനിർഝരികൾ തന്നെയാണ്. കാവ്യം രസാത്മകമായ വാക്യമാണെന്നും അതു് ആലോചനാമൃതമാണെന്നും ആ അമൃതം പച്ചമലയാളത്തിലോ ഇപ്പോഴുള്ള ചിലയുവകവികൾ എഴുതിക്കൂട്ടുന്ന വകയ്ക്കുകൊള്ളിക്കാത്ത ഈരടികളിലോ മാത്രമല്ല ഉള്ളതെന്നും അവർ ഓർത്തിരിക്കേണ്ടതാണ്. അല്പമെങ്കിലും സംസ്കൃതവ്യുല്പത്തി സമ്പാദിച്ചവർ ചമ്പുപ്രബന്ധങ്ങളിലെ അർത്ഥപുഷ്ടിയിലും അന്യന്മാർ ശബ്ദഭംഗിയിലും ഇതു രണ്ടും കഴിയാത്ത ഒരുതരം മക്കടമുഷ്ടിക്കാർ അവർക്കു രസം ജനിപ്പിക്കുന്ന വേറേ ഏതെങ്കിലും സാഹിത്യശാഖയിലേക്കും തിരിഞ്ഞുകൊള്ളട്ടെ.

ചമ്പുപ്രബന്ധങ്ങളുടെ രീതി പുനരുജ്ജീവിപ്പിക്കണമെന്ന് എനിക്കിവിടെ അഭിപ്രായമില്ല. എങ്കിലും പ്രസ്തുതരീതിയെ അനുമോദിച്ചില്ലെങ്കിലും അതിനെ നിന്ദിക്കരുതെന്നു മാത്രമേ അപേക്ഷയുള്ളൂ. ഒരാൾക്ക് അമ്പലപ്പുഴ പാൽപായസം ഇഷ്ടമല്ലെന്നുവി

ചാരിച്ച് അതു വെറും തിക്തകംകഷായത്തിനു തുല്യമാണെന്നു ജ ല്പിക്കുന്നതു വെറും ബുദ്ധിശൂന്യതയുടെ മകുടംവച്ച മണ്ടത്തമാണെ ന്ന് അവർ ഓർക്കേണ്ടതാണ്. അല്ലാതെ പാൽപായസത്തിൻെറ കുററമല്ല.

പുനം മഹിഷമംഗലം മുതലായ യഥാർത്ഥസാഹിത്യകർത്താക്ക ന്മാരുടെ രീതിയനുസരിച്ചാണു റാവുബഹദൂർ മഹാകവി ഉള്ളൂർ ന ളാതോദാഹരവും, സാഹിത്യരസികൻ ശങ്കരൻനമ്പിയാർ അവ ർം പാലാഴിമഥനവും നിർമ്മിച്ചിട്ടുള്ളതെന്ന് ഇവിടെ പ്രത്യേകം സ്മാർയ്യമാണ്. ഈ രണ്ടു ചമ്പുക്കളും മലയാളഭാഷയ്ക്ക് അമൂല്യമാ ഒരു നവ്യസമ്പത്താണ്. ഉദാഹരണത്തിനു പാലാഴിമഥനത്ത് നിന്നു രണ്ടു പദ്യം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

"ഭ്രതാനാം ചീർത്തൊരാർത്തിം മികവൊടുധരണൗ
ജാളു ദൂരീകരിപ്പാൻ
വീതാതങ്കം യദൂനാം കുലമതിലിടയ-
പ്പൈതലായ് ജാതവന്തം
കാതോളം നീണ്ടകണ്ണിൻമുനകളുടെകളി-
ക്കുത്തരംഗബ്ധിജായാ
മീതേമീതേ മികും ഭക്തിയൊടഖിലധരാ
ധാരമാരാധയാമഃ.
സാരാനർഘപ്രകാശം തടവി വിലസിടും
ഭാരതാഭിഖ്യവർഷം
താരാർമാതിന്നുമുന്നം സരസമൊരുകളി-
പ്പന്തലായുല്ലലാസ
പാരാവാരാംബരംചേർന്നൊരുധരണിവ-
ധൂമൗലിമാണിക്യമായോ-
രീ രാജ്യം ചാരുവിദ്യാധരതരുണികളാൽ
ജാതുചിദ്ദൃഷ്ടമായി."

എന്നുംമററുമുള്ള ആപാദമധുരമായ പദ്യങ്ങൾ കാണുമ്പോൾ ഏതൊരു മരത്തലയൻെറ മനസ്സാണ് അത്യാനന്ദവീചീലഹരിതരു ള്ളലിൽ തത്തിക്കളിക്കാത്തതു്? ഏവംവിധം ആലോചിച്ചുനോക്കു മ്പോൾ ഭാഷാസാഹിത്യത്തിൽ ചമ്പുക്കൾക്കുള്ള സ്ഥാനം മലയാ ളം പ്രചാരത്തിലിരിക്കുന്ന കാലംവരെ നശിക്കയില്ലെന്നും ആരുവി ചാരിച്ചാലും അതിനെ നശിപ്പിക്കാൻ സാധിക്കയില്ലെന്നും തീർച്ച യാണ്.

ശുഭംഭൂയാൽ.

———

* ഒരദ്ധ്യയനരംഗം.

(പരവൂർ പി. ഗോവിന്ദപ്പിള്ള.)

പാന.

വെൺകുളിർക്കതിരേന്തും നിശാകരൻ
വെൺപ്രഭാ നൽകിയാകാശവീഥിയിൽ
താരമോടൊത്തു ജ്യോതിഷ്ഗണങ്ങളാൽ
പാരിടേ ദീപ്തി ചിന്നിച്ചിതറിനാൻ.
തൂമണം വഹിച്ചാനന്ദമാർക്കുമേ
സീമയെന്നിയേ നൽകും സമീരണൻ
വീശിടുന്നു; തരുപത്രമാകെയ-
സ്സ്പർശനമേററു ചാഞ്ചാടിടുന്നിതേ.
ഝില്ലിപാടുന്ന 'ഝം'കാരനാദമാം
നല്ലൊരാശ്രുതിക്കൊപ്പിച്ചു രാത്രിയിൽ
മല്ലലോചനനാമസംകീർത്തനം
അല്ലൽവിട്ടു കഥിച്ചു "കമലമ്മ."

'കൃഷ്ണദാസ'ൻപൂകിതൽഗേഹേസ-
ന്തുഷ്ടിയോടാദരിച്ചു 'കമല'യും
"താവകാഭ്യാസസംപൂർത്തിവന്നിതോ?
പാവനരമ്യഗാത്രേ! കഥിക്കനീ."
എന്നു 'ദാസിൻ'വചനം ശ്രവിച്ചുടൻ
പിന്നിലൊട്ടു മറഞ്ഞാൾ മനോഹരി

ചെററുമാത്രപോയ് ശ്വാനൻതൻശ്രോത്രംപോ-
ലററമെല്ലാം ചുരുണ്ടൊരുപുസ്തകം,
ഏന്തിയും വാമഹസ്തേ; അപരത്താൽ
കുന്തളഭാരമൊട്ടൊട്ടൊതുക്കിയും.
ആസനസ്ഥയായ് ദീപത്തിൻസന്നിധൌ
പേശലാംഗിയപ്പിഞ്ചുകൃശോദരി.

ദാരിദ്ര്യദേവിസ്വാധീനമാക്കിയോ
താരകപ്രഭതേറുമീരത്നത്തെ
ഭൂഷണാദ്യലങ്കാരങ്ങളൊന്നുമാ-

* "പരവൂർ യുവജനസാഹിത്യസമാജ"ത്തിൽ വായിച്ചത്.

യോഷയ്ക്കില്ലഹോ! സത്യർഹയെങ്കിലും.
അച്ചെറുരമ്യബിംബോൽഗളിതമാം
വാച്ചതേജസ്സിൽ വൈരസ്യമാൎന്നുവോ?
നീരദത്തിൽ നിലീനനാകുന്നിന്ദു;
ഘോരമാമസൂയതൻ വികൃതികൾ! 32

മന്ദസ്മേരവദനനാം 'ദാസു'മ-
സ്സുന്നതാംഗിതൻസന്നിധൌചെന്നുടൻ
"അങ്ങിനെതന്നെ"യെന്നു കഥിക്കുന്നു
മങ്ങിയദീപമുദ്ദീപിപ്പിച്ചഥ.
കന്യക 'ദാസി'ൻറച്ഛപോലാകവെ
അന്യചിന്താരഹിതയായ് സാദരം
ചൊന്നിടുന്നു മധുരമായ്,'ദാസു'മ-
സ്സുന്ദരാംഗിയെ ഉള്ളാൽ സ്തുതിക്കുന്നു.
തൽക്ഷണംപദലാളിത്യവായ്പിയ-
ന്നക്ഷികൾക്കമിതാനന്ദദംചെറു
പുസ്തകമൊന്നു നൽകിയവൾക്കഹോ
നിസ്തുല്യംനൂനമപ്പുമാൻെറൌദാൎയ്യം! 44

കന്യക വീണ്ടും പാരായണത്തിനാ-
യുന്നിടുന്നു പ്രഹൃഷ്ടാസ്യയായ് ക്ഷണാൽ
ഒന്നുരണ്ടുപ്രമാദങ്ങൾ ബാലിക
ചൊന്നതുശ്രവിച്ചക്ഷണം 'ദാസു' തൻ
മന്ദസ്മേരമുഖാംബുജം വാടിയും,
ഉന്നതരോഷാലക്ഷി ചുവപ്പിച്ചും,
ബാലികയെപ്രഹരിച്ചു; സാധുവിൽ
മാലണയ്ക്കുക യോഗ്യമോ മാനുഷാ? 52

ധന്യയാൾ ത്രപാസാഗരമഗ്നയായ്
ഖിന്നയായിതോ മുഗ്ദ്ധയായ് തീൎന്നുവോ!
സ്തംഭിതയായിമേവുന്നു; കാഞ്ചന-
സ്തംഭംപോലപ്രദീപത്തിൻദീപ്തിയിൽ 56

ദന്തിഗാമിനി! മാഴ്കുന്നോ നീ വൃഥാ
ഹന്ത! നിൻ'സുഹൃത്തോ'വം കഠോരനോ?
നിൻകപോലങ്ങളശ്രുകണങ്ങളെ
തങ്കവൎണ്ണത്തിലാക്കി വഹിക്കുന്നു! 60

കവിത.

(എം. കെ. ജനാർദ്ദനശൎമ്മാ, ശാസ്ത്രിക്ലാസ്സ്, ഹരിപ്പാട്.)

പരമാത്മാവിൽ പരിപൂൎണ്ണമായി പരിലസിക്കുന്ന ആനന്ദതത്വങ്ങളെ സൂക്ഷ്മദൃഷ്ടിക്കു ഗോചരമാകുംവണ്ണം പ്രതിപാദിക്കുന്ന പ്രകൃതിപരമായ ഒരു ഗ്രന്ഥത്തിന്റെ പ്രതിഫലനമാണ് കവിതയെന്നു ചുരുക്കിപ്പറയാം. വിശാലഹൃദയരായ കവികൾ പ്രകൃതിരാമണീയകത്വത്തിൽ ലയിച്ച് അതിൽനിന്നു സിദ്ധിച്ച അനുഭവങ്ങളുടെ ഫലമായ് ഏതോ ഒരു ശക്തി അവരിൽ ഉളവാകുന്നു. അവ ഉളവാകുമ്പോൾ അവരുടെ ഹൃദയത്തിൽനിന്നും അനൎഗ്ഗളമായ് പ്രവഹിച്ച വാഗ്രൂപേണ പുറപ്പെടുന്ന ഒന്നാണ് കവിതയെന്നു ചിലർ അഭിപ്രായപ്പെടുന്നു. അപരർ, നിയതിയിലെവിടെയും ഒരു ദിവ്യസൌന്ദൎയ്യം പ്രകാശിക്കുന്നുണ്ടെന്നും, ആ ദിവ്യതേജസ്സറിഞ്ഞു കവിഹൃദയം വികാരപരവശമായ ഏതോ ഒരാവേശംകൊണ്ടു ഹൃദയംകവിഞ്ഞു വാണീരൂപത്തിൽ നിരൎഗളമായി നിൎഗ്ഗമിക്കുന്ന ഒന്നാണെന്നും അഭിപ്രായപ്പെടുന്നു. പ്രകൃതിവസ്തുക്കൾക്കും മനുഷ്യൎക്കും തമ്മിലുള്ള അനാദ്യന്തബന്ധം കവിതാമാൎഗ്ഗേണയല്ലാതെ മറ്റൊന്നുകൊണ്ടും ഹൃദയത്തിലുദിപ്പിക്കുവാൻ സാധിക്കുന്നില്ല. കേവലം ലോകരഹസ്യത്തെ മാത്രം ആഖ്യാനംചെയ്തുകൊണ്ട് കവികൾ എന്നു പറയുവാൻ നിവൃത്തിയില്ല. പ്രകൃതിയുടെ സൌന്ദൎയ്യവികാസങ്ങളും മനുഷ്യരുടെ സ്വഭാവവൈചിത്ര്യങ്ങളും വാസനാബലവും മറ്റും സിദ്ധിച്ച കവിതയുടെ പ്രസന്നവും പ്രശാന്തവുമായ പ്രതിഭയിൽ പ്രതിഫലിച്ചു പ്രകാശിക്കുന്നതു് ഇന്നവിധത്തിലാണെന്ന് ത്രികരണങ്ങളേക്കൊണ്ടും അറിയിക്കുവാൻ പ്രയാസമാണ്. കൂടാതെ ഇദാനീന്തനന്മാരായ മഹാന്മാർ, മാംസചക്ഷുസ്സിന് അഗോചരമായിരിക്കുന്ന ഒന്നിനെ പ്രത്യക്ഷത്തിൽ വരുത്തിക്കൊടുക്കുന്നതാണ് കവിതയെന്ന് അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തെത്തന്നെ ലക്ഷീകരിച്ചു ന്യായശാസ്ത്രപാരംഗതന്മാരായ "അന്നംഭട്ടർ" മുതലായ പണ്ഡിതന്മാർ "ആത്മാ മനസാ സംയുജ്യതേ, മന ഇന്ദ്രിയേണ, ഇന്ദ്രിയമൎത്ഥേന, തതഃ പ്രത്യക്ഷജ്ഞാനം" എന്നിപ്രകാരം പറഞ്ഞിരിക്കുന്നു. ഇതു് ഏറ്റവും വിശ്വാസയോഗ്യമായിട്ടുള്ള തത്വമാണെന്നു പറയാതെ തരമില്ല. ആദ്യം പ്രതിപാദിച്ചതും, ഇതും തമ്മിൽ യാതൊരു അന്തരവും കാണുന്നില്ല. ആലംകാരികന്മാരുടെ സൂത്രങ്ങളെ അധിഷ്ഠാനപ്പെടുത്തിയാണ് ഇക്കാലത്തു കവിതയുടെ ഗുണദോ

ഷനിർണ്ണയം ചെയ്യുന്നതു്. ഇതു് വല്ല ത്രികാലജ്ഞാനികളായ യോഗീശ്വരന്മാൎക്ക മാത്രമേ സാധിക്കയുള്ളൂ. കവിതയെന്നതു് വാസ്തവത്തിൽ കലാനാഥനും മനുഷ്യനും തമ്മിൽ നടക്കുന്ന ഒരു സംഭാഷണമാണു്" എന്നു് ചിലർ അഭിപ്രായപ്പെടുന്നു. ഗാഢമായി ആലോചിച്ചുനോക്കിയാൽ ഇവ തമ്മിൽ അധികം അന്തരമില്ലെന്നും അറിയാവുന്നതാണു്.

രാവണനെപ്പോലെയല്ല രാമനെപ്പോലെയാണു പ്രവൎത്തിക്കേണ്ടതെന്നു പറഞ്ഞതുകൊണ്ടു് ഒരനുഭവവും നമുക്കുണ്ടാകുന്നില്ല. രാമനെയാണു് അനുകരിക്കേണ്ടതെന്നു രാമായണം വായിക്കുമ്പോൾ നമുക്കുണ്ടാകുന്ന വികാരത്തിന്റെ കാരണം രാവണന്റെ ദുഷ്പ്രവൃത്തികളേയും ശ്രീരാമന്റെ സദാചാരനടപടികളേയുംകുറിച്ചുമനോവികാരങ്ങളുളവാകുംവണ്ണം കവിതയിൽ പ്രകൃതത്തിനു അനുരൂപമായി ചെയ്ത വൎണ്ണനയുടെ തന്മയത്വമാണു്. കൃത്യാകൃത്യങ്ങളെ അനുഭവമാക്കുക എന്നുള്ള പ്രധാന ഉദ്ദേശം മുൻനിറുത്തി പ്രവൎത്തിക്കുന്നതിനുപയോഗിക്കുന്ന ഒന്നാണു് കവിതയെന്നു മുൻപു പ്രസ്താവിച്ചുവല്ലോ? ഇത്തരം ഉൽകൃഷ്ടകവിതകൾ വായിക്കുമ്പോൾ മനുഷ്യർ അനിൎവ്വചനീയമായ പരമാനന്ദത്തെ പ്രാപിക്കുന്നു. മനുഷ്യരെ സദ്വൃത്തരാക്കുന്നതുകൊണ്ടു കവിതയ്ക്കു് ഒരു പ്രത്യേക പ്രാബല്യമുണ്ടെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുവാൻ യാതൊരു കാരണവും കാണുന്നില്ല. പലപ്പോഴും പല സൽകവിതകളുമായി പരിചയിച്ചു അതിലഭിരുചിവരുകയാൽ ബുദ്ധിക്കു ഗുണോൽകൎഷഹേതുകങ്ങളായ അനവധി കാൎയ്യങ്ങൾ സിദ്ധിച്ചതുനിമിത്തം അനവധി ആളുകൾ സദാചാരതല്പരന്മാരായിത്തീൎന്നിട്ടുണ്ടു്. ഓരോരോ വികാരത്തെ അടിക്കടി ഉണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ ക്രമേണ ആ വികാരം സ്ഥായിയായി നിൽക്കുന്നു. അതുകൊണ്ടാണു് ഇത്തരം സംഭവങ്ങളുണ്ടാകുന്നതു്. മനോഗതിയെ ഉന്നമിപ്പിക്കുവാൻ സാധിക്കാത്ത കവിതയെ കവിതയെന്നു പറയുവാൻ പാടില്ല. കവിത ഭാഷാദേവിയുടെ സംഗീതമാണെന്നും, സംഗീതമില്ലാത്തവർ കവിയല്ലെന്നും, മററുമാണു് കാവ്യമൎമ്മജ്ഞന്മാരായ ഷെല്ലി മുതലായ പാശ്ചാത്യപണ്ഡിതന്മാരും, "സംഗീതമപിസാഹിത്യം സരസ്വത്യാ സ്തനദ്വയം, ഏകമാപാതമധുരം അന്യദാലോചനാമൃത"വുമാണെന്നാണു സംസ്കൃതാഭിജ്ഞന്മാരും അഭിപ്രായപ്പെടുന്നതു്. ഈ സംഗീതം ഗായകകവികളിൽ മാത്രമേയുള്ളൂ എന്നു് ആരും തെററിദ്ധരിക്കുവാൻ പാടില്ല. കവിതയുടെ വൃത്തരീതിയിൽ അന്തൎല്ലീനമായിരിക്കുന്ന സംഗീതത്തെയാണു് അവർ അധികമായി വിവക്ഷിച്ചിട്ടുള്ളതു്. ശയ്യാഗുണമെന്നും മററും പറഞ്ഞു കവിതയെ ഗുണദോ

ഷിക്കുന്നതു് പ്രസ്തുത ഛന്ദോരൂപരീതിയെ അടിസ്ഥാനപ്പെടുത്തിയാണ്. കവിതയിൽ രസോൽകർഷമുണ്ടാകണമെങ്കിൽ വൃത്തത്തിലും പ്രത്യേകം ശ്രദ്ധവെയ്ക്കേണ്ടതുണ്ടു്. രസങ്ങൾക്കും ഭാവങ്ങൾക്കും അനുസരിച്ചേ രാഗങ്ങൾ ഉപയോഗിക്കാൻ പാടുള്ളു എന്നും, സംസ്കൃതസംഗീതശാസ്ത്രത്തിലുള്ളതുപോലെതന്നെ രസഭാവങ്ങളെ അടിസ്ഥാനപ്പെടുത്തി ഇന്നിന്ന വൃത്തമേ പാടുള്ളു എന്നും നിബന്ധന സാഹിത്യശാസ്ത്രത്തിലുമുണ്ടു്. കവിതയുടെ രൂപമാണ് വൃത്തമെന്നു വരുമ്പോൾ അതിലുണ്ടാകുന്ന യതിഭംഗം മുതലായ ദോഷങ്ങൾ അംഗവൈകല്യങ്ങളെപ്പോലെ നീരസജനകങ്ങളാണെന്നു വിചാരിക്കാവുന്നതാണ്.

പണ്ഡിതമണ്ഡലീമണ്ഡനാമണികളായ ആലംകാരികന്മാർ കവിതയുടെ (കാവ്യത്തിൻെറ) ലക്ഷണത്തെ പലപ്രകാരത്തിൽ പറയുന്നു. അവയിൽ ചില ലക്ഷണങ്ങൾ ഇവിടെ ചേൎക്കുന്നു:—

സാധുശബ്ദാൎത്ഥസന്ദർഭം ഗുണാലംകാരഭൂഷിതം
സ്ഫുടരീതിരസോപേതം കാവ്യം കുൎവീതകീൎത്തയേ.

എന്നു് വാക്ഭടാചാൎയ്യൻ പറയുന്നു.

രസഗംഗാധരൻെറ കാവ്യലക്ഷണം ഇപ്രകാരമാണ്:—

"ചമൽകാരജനകഭാവനാവിഷയാൎത്ഥപ്രതിപാദകഃശബ്ദഃ"

"അദോഷൗസഗുണൗസാലംകാരൗശബ്ദാൎത്ഥൗകാവ്യം" എന്നാണ് മമ്മടഭട്ടൻെറയും, നാഗോജിഭട്ടൻെറയും അഭിപ്രായം. ഇതുതന്നെയാണ് ശരിയായിട്ടുള്ള ലക്ഷണമെന്നു വിശ്വസിക്കുന്നു.

സഹസ്രയോഗം.

(ഭാഷാവ്യാഖ്യാനസഹിതം)

പഴയ പല താളിയോലഗ്രന്ഥങ്ങളും പരിശോധിച്ചു് സാധാരണ സഹസ്രയോഗങ്ങളിലുള്ളതിനേക്കാൾ വിശിഷ്ടങ്ങളായ പല കഷായാദിയോഗങ്ങളും ഭൈഷജ്യരത്നാവലി, ശാൎങ്ഗധരം മുതലായ ഗ്രന്ഥങ്ങളിൽനിന്നു് ഫലപ്രദങ്ങളായ അനേകം ആസവാരിഷ്ടങ്ങളുംചേൎത്തു് അച്ചടിച്ചു തയാറായിരിക്കുന്നു.

പുസ്തകം ഒന്നുക്കു വില അണ 10.

വി. വി. പ്രസ്സ്—കൊല്ലം.